കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ.കെറ്റിഎം പി15-780/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 24/05/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
2.അസി.ഡവലെപ്മെന്റ് കമ്മീഷണർ (ജനറൽ), കോട്ടയം
3.ഓഫീസ് കോപ്പി

നമ്പർ: കെഎസ്എ.കെറ്റിഎം പി15-780/22 തീയ്യതി: 24/05/2022

കോട്ടയം ജില്ലയിലെ മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-04-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.എം.എൻ.രാധാകൃഷ്ണൻ	ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)	19-04-2022	30-04-2022

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
19-04-2022	30-04-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മായ ആർ ,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)
ശ്രീമതി ദർശന വി ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ സുനിൽകുമാർ ജി,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ശിവരാജ് പി ,സീനിയർ ഗ്രേഡ് ഓഡിറ്റർ (19.04.2022,25.04.2022, 26.04.2022)

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി **(മുതൽ)**	തീയതി **(വരെ)**
ശ്രീമതി രാഖി കലേഷ് കുമാർ	പ്രസിഡന്റ്	01-04-2020	11-11-2020
ശ്രീ അലക്സാണ്ടർ പ്രാക്കുഴി	പ്രസിഡന്റ്	30-12-2020	31-03-2021
ശ്രീ ഷാജി എം ഇ	സെക്രട്ടറി	01-04-2020	06-02-2021
ശ്രീ ജോർജ് തോമസ്	സെക്രട്ടറി-ഇൻ-ചാർജ്ജ്	07-02-2021	09-02-2021
ശ്രീ ബൈജു റ്റി പോൾ	സെക്രട്ടറി	10-02-2021	31-03-2021

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി **(മുതൽ)**	തീയതി **(വരെ)**
ശ്രീമതി യമുന കെ	ചൈൽഡ് ഡവലപ്മെന്റ് പ്രൊജക്ട് ഓഫീസർ	01-04-2020	31-03-2021
ഡോ ഓമന കെ	മെഡിക്കൽ ഓഫീസർ, സി എച്ച് സി	01-04-2020	25-02-2021
ഡോ സിജി വർഗീസ്	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.	26-02-2021	31-03-2021
ശ്രീമതി മീനു ചാക്കോ	അസിസ്റ്റന്റ് ഡയറക്ടർ ,അഗ്രീക്കൾച്ചർ	01-04-2020	31-03-2021
ശ്രീ പ്രേംകുമാർ എൻ എം	പട്ടികജാതി വികസന ഓഫീസർ	01-04-2020	31-03-2021
ശ്രീ ജിതിൻ ബോസ് കെ.ജെ	അസിസ്റ്റന്റ് എഞ്ചിനീയർ(LSGD	01-04-2020	31-03-2021
ശ്രീമതി ഉഷാഭായി	ക്ഷീര വികസന ഓഫീസർ	01-04-2020	31-03-2021
ശ്രീ മൻമഥൻ പി സി	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	01-04-2020	31-03-2021

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ് Written By: Sunil Kumar G (Senior Grade Auditor, On 30-04-2022) Last Updated By: Maya R (Audit Officer, On 30-04-2022)	1-1
2	വാർഷിക കണക്കുകളിലെ അപാകതകൾ Written By: Sivaraj P (Senior Grade Auditor, On 26-04-2022) Last Updated By: Ramamol Velayudhan (Computer Assistant, On 21-05-2022)	1-2
3	സാമ്പത്തിക വിശകലനം Written By: Sivaraj P (Senior Grade Auditor, On 26-04-2022) Last Updated By: Ramamol Velayudhan (Computer Assistant, On 24-05-2022)	1-3
4	ഫണ്ട് വിനിയോഗം Written By: Sivaraj P (Senior Grade Auditor, On 26-04-2022) Last Updated By: Ramamol Velayudhan (Computer Assistant, On 21-05-2022)	1-4
5	പദ്ധതി അവലോകനം Written By: Maya R (Audit Officer, On 29-04-2022) Last Updated By: Ramamol Velayudhan (Computer Assistant, On 21-05-2022)	1-5
6	തൊഴിലുറപ്പ് പദ്ധതി Written By: Sivaraj P (Senior Grade Auditor, On 26-04-2022) Last Updated By: Ramamol Velayudhan (Computer Assistant, On 21-05-2022)	1-6
7	സാമൂഹ്യ സുരക്ഷാപദ്ധതികൾ Written By: Maya R (Audit Officer, On 30-04-2022) Last Updated By: Maya R (Audit Officer, On 30-04-2022)	1-7
8	ക്യാഷ് വെരിഫിക്കേഷൻ Written By: Maya R (Audit Officer, On 30-04-2022) Last Updated By: Maya R (Audit Officer, On 30-04-2022)	1-8
9	ആഭ്യന്തര നിയന്ത്രണ സംവിധാനം Written By: Maya R (Audit Officer, On 30-04-2022) Last Updated By: Ramamol Velayudhan (Computer Assistant, On 21-05-2022)	1-9
10	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം Written By: Maya R (Audit Officer, On 30-04-2022) Last Updated By: Maya R (Audit Officer, On 03-05-2022)	1-10
11	രസീത് സംബന്ധമായ അപാകതകൾ Written By: Sunil Kumar G (Senior Grade Auditor, On 02-05-2022) Last Updated By: Maya R (Audit Officer, On 03-05-2022)	1-11
12	തേക്ക് മരങ്ങളുടെ ലേലം- തടികൾ നാശോന്മുഖമായ നിലയിൽ Written By: Maya R (Audit Officer, On 30-04-2022) Last Updated By: Ramamol Velayudhan (Computer Assistant, On 23-05-2022)	1-12
13	ഇ-ടെൻഡർ ഫീസ്- ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായിട്ടില്ല Written By: Maya R (Audit Officer, On 03-05-2022) Last Updated By: Ramamol Velayudhan (Computer Assistant, On 23-05-2022)	1-13
14	കുടിവെള്ള ടാങ്ക് സ്ഥാപിക്കൽ - പർച്ചേയ്സ് ബിൽ ഹാജരാക്കിയില്ല Written By: Sunil Kumar G (Senior Grade Auditor, On 02-05-2022) Last Updated By: Ramamol Velayudhan (Computer Assistant, On 21-05-2022)	1-14
15	ഓഫീസ് ആവശ്യത്തിന് യു.പി.എസ്, കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ - കെൽട്രോണിന് നൽകിയ അധിക തുക തിരികെ ഈടാക്കിയില്ല Written By: Sunil Kumar G (Senior Grade Auditor, On 02-05-2022) Last Updated By: Ramamol Velayudhan (Computer Assistant, On 24-05-2022)	1-15
16	തുമ്പൂർമുഴി പദ്ധതി - എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് പ്രവർത്തനക്ഷമമായില്ല Written By: Sunil Kumar G (Senior Grade Auditor, On 02-05-2022) Last Updated By: S Shyju (Senior Deputy Director, On 24-05-2022)	1-16
17	തനത് ഫണ്ട് വൗച്ചർ സൂക്ഷിപ്പിലെ അപാകത Written By: Darsana V (Senior Grade Auditor, On 30-04-2022) Last Updated By: Ramamol Velayudhan (Computer Assistant, On 23-05-2022)	1-17

18	സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ - പൂർണ്ണ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല Written By: Sunil Kumar G (Senior Grade Auditor, On 02-05-2022) Last Updated By: Ramamol Velayudhan (Computer Assistant, On 23-05-2022)	1-18
19	സി.എച്ച്.സി യ്ക്ക് സി.സി ക്യാമറ സ്ഥാപിക്കൽ - കരാറുകാരന് അധിക തുക നൽകി Written By: Sunil Kumar G (Senior Grade Auditor, On 02-05-2022) Last Updated By: Ramamol Velayudhan (Computer Assistant, On 23-05-2022)	1-19
20	വാകത്താനം സി.എച്ച്.സി ഇലക്ട്രിഫിക്കേഷൻ - കരാറുകാരന് അധിക തുക നൽകി Written By: Sunil Kumar G (Senior Grade Auditor, On 02-05-2022) Last Updated By: Ramamol Velayudhan (Computer Assistant, On 23-05-2022)	1-20
21	പദ്ധതി നിർവ്വഹണത്തിന് വാഹനവാടക- സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി അധികം തുക ചെലവഴിച്ചു Written By: Maya R (Audit Officer, On 30-04-2022) Last Updated By: Ramamol Velayudhan (Computer Assistant, On 23-05-2022)	1-21
22	വനിതാക്യാന്റീൻ നിർമ്മാണം-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല Written By: Maya R (Audit Officer, On 03-05-2022) Last Updated By: Ramamol Velayudhan (Computer Assistant, On 23-05-2022)	1-22
23	ബ്ലോക്ക് പഞ്ചായത്തിന് ആർആർഎഫ്-മാലിന്യസംസ്കരണത്തിന് ഫലപ്രദസംവിധാനങ്ങളില്ല Written By: Maya R (Audit Officer, On 03-05-2022) Last Updated By: Maya R (Audit Officer, On 04-05-2022)	1-23
24	എസ്റ്റിമേറ്റിൽ 100%അധികം വ്യതിയാനം -കരാർ റദ്ദുചെയ്ത് റീടെൻഡർ നടപടികൾ സ്വീകരിച്ചില്ല Written By: Maya R (Audit Officer, On 30-04-2022) Last Updated By: Ramamol Velayudhan (Computer Assistant, On 24-05-2022)	1-24
25	കൃത്യമായ സ്ഥലപരിശോധന നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയില്ല- സൈറ്റിൽ ലഭ്യമാകുന്ന കല്ലുകൾ ഉപയോഗിച്ച് സംരക്ഷണഭിത്തി നിർമ്മാണം നടപ്പാക്കിയില്ല Written By: Maya R (Audit Officer, On 30-04-2022) Last Updated By: Ramamol Velayudhan (Computer Assistant, On 24-05-2022)	1-25
26	വർക്കേഴ്സ് വെൽഫെയർ ഫണ്ടിൽ നിന്നും 1% തുക സർവീസ് ചാർജ് ഈടാക്കിയിട്ടില്ല Written By: Maya R (Audit Officer, On 30-04-2022) Last Updated By: Maya R (Audit Officer, On 04-05-2022)	1-26
27	DR പാക്കിങ്ങിനുമുകളിൽ കോൺക്രീറ്റിങ്ങ് -ക്രമപ്രകാരമല്ല Written By: Maya R (Audit Officer, On 30-04-2022) Last Updated By: Ramamol Velayudhan (Computer Assistant, On 23-05-2022)	1-27
28	പാടശേഖരസമിതികൾക്ക് പെട്ടി, പറ, മോട്ടോർ അനുബന്ധ ഉപകരണങ്ങൾ കരാർ രേഖകൾ ഫയലിൽ ലഭ്യമല്ല. Written By: Sunil Kumar G (Senior Grade Auditor, On 02-05-2022) Last Updated By: Ramamol Velayudhan (Computer Assistant, On 24-05-2022)	1-28
29	നെൽകൃഷിയ്ക്ക് കൂലിച്ചെലവ് സബ്സിഡി - വിള ഇൻഷുറൻസ് ,കൃഷി ഭൂമി സംബന്ധമായ രേഖകൾ ഫയലിൽ ലഭ്യമല്ല Written By: Sunil Kumar G (Senior Grade Auditor, On 02-05-2022) Last Updated By: Ramamol Velayudhan (Computer Assistant, On 23-05-2022)	1-29
30	സി ഡി പി ഒ ഓഫീസിൽ കമ്പ്യൂട്ടറും അനുബന്ധഉപകരണങ്ങളും വാങ്ങൽ -അപാകത Written By: Darsana V (Senior Grade Auditor, On 30-04-2022) Last Updated By: Ramamol Velayudhan (Computer Assistant, On 23-05-2022)	1-30

31	എസ് സി ഡി ഒ ഓഫീസിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ -അപാകത Written By: Darsana V (Senior Grade Auditor, On 30-04-2022) Last Updated By: Ramamol Velayudhan (Computer Assistant, On 24-05-2022)	1-31
32	ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം നടത്തിയ പ്രോജക്റ്റുകൾ - വിനിയോഗ രേഖകളും ചെലവ് രേഖകളും ഹാജരാക്കിയില്ല Written By: Sunil Kumar G (Senior Grade Auditor, On 02-05-2022) Last Updated By: Ramamol Velayudhan (Computer Assistant, On 24-05-2022)	1-32
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
1	സി.എച്ച്.സി യ്ക്ക് സി.സി ക്യാമറ സ്ഥാപിക്കൽ - കരാറുകാരന് അധിക തുക നൽകി Written By: Sunil Kumar G (Senior Grade Auditor, On 04-05-2022) Last Updated By: Ramamol Velayudhan (Computer Assistant, On 23-05-2022)	3-1
2	വാകത്താനം സി.എച്ച്.സി ഇലക്ട്രിഫിക്കേഷൻ - കരാറുകാരന് അധിക തുക നൽകി Written By: Sunil Kumar G (Senior Grade Auditor, On 04-05-2022) Last Updated By: Ramamol Velayudhan (Computer Assistant, On 23-05-2022)	3-2
ഭാഗം **4**		
1	വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം Written By: Maya R (Audit Officer, On 30-04-2022) Last Updated By: Maya R (Audit Officer, On 30-04-2022)	4-1
2	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം Written By: Maya R (Audit Officer, On 30-04-2022) Last Updated By: Maya R (Audit Officer, On 30-04-2022)	4-2
3	ഡെപ്പോസിറ്റ് പ്രവ്യത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ Written By: Maya R (Audit Officer, On 30-04-2022) Last Updated By: Ramamol Velayudhan (Computer Assistant, On 24-05-2022)	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് Written By: Maya R (Audit Officer, On 30-04-2022) Last Updated By: Maya R (Audit Officer, On 30-04-2022)	4-4
5	വായ്പ/വായ്പ തിരിച്ചടവ് Written By: Maya R (Audit Officer, On 30-04-2022) Last Updated By: Ramamol Velayudhan (Computer Assistant, On 23-05-2022)	4-5
6	സ്ഥിരനിക്ഷേപങ്ങൾ Written By: Maya R (Audit Officer, On 30-04-2022) Last Updated By: Maya R (Audit Officer, On 30-04-2022)	4-6
7	ഓഡിറ്റ് റിക്കവറി Written By: Maya R (Audit Officer, On 30-04-2022) Last Updated By: Maya R (Audit Officer, On 30-04-2022)	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം Written By: Maya R (Audit Officer, On 30-04-2022) Last Updated By: Ramamol Velayudhan (Computer Assistant, On 23-05-2022)	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം Written By: Maya R (Audit Officer, On 30-04-2022) Last Updated By: Ramamol Velayudhan (Computer Assistant, On 23-05-2022)	4-9
10	ഓഡിറ്റ് പ്രത്യവലോകനം Written By: Maya R (Audit Officer, On 04-05-2022) Last Updated By: S Shyju (Senior Deputy Director, On 24-05-2022)	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ Written By: Maya R (Audit Officer, On 30-04-2022) Last Updated By: Ramamol Velayudhan (Computer Assistant, On 23-05-2022)	4-11

അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഭാഗം -1

പൊതു അവലോകനം

1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 23/03/2020 തീയതിയിലെ 1(1)-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക(R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

ഇനം	പ്രതീക്ഷിച്ചത് (Budget)	2019-20 R&P പ്രകാരം
മുന്നിരിപ്പ്	6429225/-	9602080/-
വരവ്	160144000/-	10095817/-
ആകെ	166573225/-	19697897/-
ചെലവ്	160972000/-	17105569/-
നീക്കിയിരിപ്പ്	5601225/-	2592328/-

ബജറ്റ് പ്രകാരം 16.01 കോടി രൂപയുടെ പ്രതീക്ഷിത വരവും 16.09 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ വരവ് ചെലവ് കണക്കുകളിൽ സർക്കാർ ഗ്രാന്റുകൾ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ യഥാർത്ഥ വരവ് തുക വാർഷികകണക്കുകളിൽ പ്രതിഫലിക്കുന്നില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

1-2 വാർഷിക കണക്കുകളിലെ അപാകതകൾ

മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-21 വർഷത്തെ ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നില്ല. അപാകതകൾ താഴെ ചേർക്കുന്നു.

1. ധനകാര്യ പത്രികയിൽ വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ സർക്കാർ ഗ്രാന്റുകളുടെ വരവും അവയുടെ ചെലവഴിക്കലും അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. റിസീറ്റ് & പേമെന്റ് പത്രികയിലെയും, ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിലും സർക്കാർ ഗ്രാന്റിന്റെ വരവും ചെലവും പ്രതിഫലിച്ചിട്ടില്ല. സർക്കാർ ധനസഹായം ഇനത്തിൽ ഉള്ള49778456 രൂപയുടെ വരവ്-ചെലവുകൾ വാർഷിക കണക്കിൽ അക്കൗണ്ട് ചെയ്തിട്ടില്ലാത്തതിനാൽ ലഭ്യമാക്കിയ ധനകാര്യ പത്രിക പഞ്ചായത്തിന്റെ ധനസ്ഥിതിയെ കൃത്യമായി പ്രതിഫലിപ്പിക്കുന്നില്ല.
2. 31/03/2021 തീയതിയിലെ ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത വ്യക്തമാക്കുന്ന അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.
3. ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ 31/03/2021-ൽ നിലനിൽക്കുന്നതും 2020-21 വർഷം ഇടപാടുകളുണ്ടായിരുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ എ.സി.ആർ. സൂക്ഷിച്ചിട്ടില്ല. പ്രസ്തുത ഗ്രാന്റുകളുടെ വിനിമയത്തിന്റെ ആധികാരികത വ്യക്തമല്ല.
4. RP-31 പ്രകാരം തൻവർഷം ലഭിച്ച 4,049,169/- രൂപ ഗ്രാന്റുകൾ ഏത് പ്രോജക്ടുകൾക്ക്, ഉദ്ദേശ്യത്തിന് ലഭിച്ചതാണ് എന്നത് വ്യക്തമല്ല.
5. ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്ന വിവിധ ഡെപ്പോസിറ്റ് തുകകളുടെ(B-7ഷെഡ്യൂൾ) വിശദാംശം രേഖപ്പെടുത്തി ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിന്റെ അഭാവത്തിൽ ലഭിച്ച ഡെപ്പോസിറ്റ് മുന്നിരിപ്പ് തൻവർഷ ഇടപാടുകൾ എന്നിവയുടെ ആധികാരികത വ്യക്തമല്ല.
6. സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
7. 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തി-ബാധ്യത

നിർണ്ണയം നടത്തി കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം അക്കൗണ്ട് ചെയ്തിട്ടില്ല.

8. ബി-11 ഷെഡ്യൂളിലുള്ള ആസ്തികൾ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതാണ് എന്നതിനുള്ള ആധികാരിക രേഖകൾ ഒന്നും ലഭ്യമല്ല.
9. I-17(a) ഷെഡ്യൂൾ പ്രകാരം ആസ്തികളുടെ മൂല്യശോഷണം അക്കൗണ്ട് ചെയ്തതിന്റെ ആധികാരികത കാൽക്കുലേഷൻ ഷീറ്റിലൂടെ വ്യക്തമാക്കിയിട്ടില്ല.
10. Capital Work In Progress ശീർഷകത്തിലെ നീക്കിയിരിപ്പിന്റെയും മുന്നിരിപ്പിന്റെയും ക്രമീകരണങ്ങളുടെയും ആധികാരികതയും കൃത്യതയും വിശദീകരിച്ചിട്ടില്ല. പ്രോജക്ട് അടിസ്ഥാനത്തിൽ വിശദാംശങ്ങൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതായിരുന്നു.
11. ബ്ലോക്ക് പഞ്ചായത്തിന് ബാധ്യതയായി 31/03/2021 ൽ തിരിച്ചടയ്ക്കാനുള്ള വായ്പകൾ അവശേഷിക്കുന്നില്ലാത്ത സാഹചര്യത്തിലും 27.85 ലക്ഷം രൂപ Prepaid Programme Expense ശീർഷകത്തിൽ അവശേഷിക്കുന്നു.
12. ബ്ലോക്ക് പഞ്ചായത്തിൽ അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. 31/03/2021 തീയതിയിലെ ബാലൻസ് ഷീറ്റ് ബി-18 ലെ ഡെപോസിറ്റ് തുകകളുടെ ആധികാരികതയും അക്കൗണ്ട് ശീർഷകങ്ങളിലെ മുന്നിരിപ്പിന്റെ കൃത്യതയും വ്യക്തമല്ല
13. വിവിധ ബാങ്ക് അക്കൗണ്ടുകളുടെ റീക്കൺസിലേഷൻ സാംഖ്യയിൽ നടത്തിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾക്ക് രേഖാമൂലം വിശദീകരണം നൽകേണ്ടതാണ്. വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ വരവ്-ചെലവുകൾ അക്കൗണ്ട് ചെയ്യാതിരുന്നതിനും ഓരോ കണക്കുകളും വിശദീകരിക്കുന്ന അടിസ്ഥാന രേഖകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാതിരുന്നതിനും വിശദീകരണം നൽകേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം

2020-21 വർഷത്തെ റസീറ്റ് & പേമെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയും ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ്	9,602,080/-
ഓഡിറ്റ് വർഷത്തെ ആകെ വരവ്	10,095,817/-
ആകെ	19,697,897/-
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	17,105,569/-
നീക്കിയിരിപ്പ്	2,592,328/-
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	23069/-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	7381166/-

വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്-Non Road എന്നീ സർക്കാർ ഗ്രാന്റിനങ്ങളിൽ 5.71 കോടി രൂപ ലഭിച്ചതിൽ ഏകദേശം 4.98 കോടി രൂപ ചെലവഴിച്ച (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം). പ്രസ്തുത ഗ്രാന്റിന്റെ വരവും ചെലവും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

1-4 ഫണ്ട് വിനിയോഗം

മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-21 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ഗ്രാന്റ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

ഗ്രാന്റ്-ഇനം	മുന്നിരിപ്പ്	അലോട്ട്മെന്റ്/ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക	ചെലവ് %

വികസന ഫണ്ട്-ജനറൽ	0	28,691,818/-	28,691,818/-	26,572,899/-	2,118,919/-	92.61
വികസന ഫണ്ട്-SCP	0	12,184,000/-	12,184,000/-	12,183,049/-	951/-	99.99
വികസന ഫണ്ട്-TSP	0	416,000/-	416,000/-	16,000/-	400,000/-	3.85
ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied)	0	5,390,000/-	5,390,000/-	2,250,582/-	3,139,418/-	41.75
ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied)	0	5,390,000/-	5,390,000/-	4,165,981/-	1,224,019/-	77.29
മെയിന്റനൻസ് ഗ്രാന്റ്-Non Road	0	5,060,000/-	5,060,000/-	4,589,945/-	470,055/-	90.71

2020-21 വർഷം ജനറൽ പർപ്പസ് ഫണ്ടായി 50.32 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചു. വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൌണ്ട് ചെയ്തതിലെ അപാകതകൾ താഴെ ചേർക്കുന്നു.

- ഗ്രാന്റ് പത്രികയിലെ മേഖലാടിസ്ഥാനത്തിലുള്ള വരവ്-ചെലവ് കണക്കുകൾ യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
- വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്-Non Road, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല
- മെയിന്റനൻസ് ഗ്രാന്റ്-Non Road മൂന്നാം ഗഡു 1,686,600/- രൂപ 01/01/2021 ലെ സ.ഉ.(സാധാ)നം.12/2021/ധന പ്രകാരമുള്ളത് അലോട്ട്മെന്റായി അക്കൗണ്ട് ചെയ്തിട്ടില്ല. ആയതിനാൽ ഗ്രാന്റ് പത്രികയിലും എ.സി.ആറിലും നീക്കിയിരിപ്പ് മൈനസ് ആയി കാണുന്നു.
- 03/08/2020 ലെ സ.ഉ.(സാധാ)നം.4444/2020/ധന പ്രകാരം മെയിന്റനൻസ് ഗ്രാന്റ്-Non Road രണ്ടാം ഗഡു 1,686,700/- രൂപയിൽ നിന്ന് 51,180/- രൂപ വോട്ടിങ്ങ് മെഷീൻ ചാർജായി കുറവ് ചെയ്ത് 1,635,520/- രൂപയാണ് ലഭിച്ചത്. കുറവ് ചെയ്ത തുക ചെലവായി ക്രമീകരിക്കാതിരുന്നതിനാൽ ഗ്രാന്റ് പത്രികയിലും എ.സി.ആറിലും ചെലവിലും നീക്കിയിരിപ്പിലും വ്യത്യാസം കാണുന്നു.

ഫണ്ട് വിനിയോഗ കണക്കുകളിൽ മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

1-5 പദ്ധതി അവലോകനം

ബ്ലോക്ക് പഞ്ചായത്തിന്റെ 2020-21 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ ഉത്തരവ് നം. 80898/DPC/DPO/KTM തീയതി 28-01-2021പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത്	27.12.2019
നിർവ്വഹണോദ്യോഗസ്ഥരുടെ യോഗം	09.01.2020
പദ്ധതിരൂപീകരണ ഗ്രാമസഭകൾ	28.01.2020
വികസനസെമിനാർ	06.03.2020

ജനങ്ങളുടെ സാമ്പത്തിക വികസനത്തിന്റെ വളർച്ചയോടൊപ്പം സാമൂഹ്യനീതി ഉറപ്പാക്കലും ലക്ഷ്യമിട്ട് തയ്യാറാക്കിയ 2020-21 വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 72616722/- രൂപയും ആകെ ചെലവ് 52945294/- രൂപയുമാണ്. ചെലവുശതമാനം 72.91%. അംഗീകാരം ലഭിച്ച 108 പ്രോജക്ടുകളിൽ 90 എണ്ണം. നടപ്പാക്കിയിട്ടുണ്ട്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ	തയ്യാറാക്കിയ പ്രൊജക്ടിന്റെ എണ്ണം	നടപ്പാക്കിയ പ്രൊജക്ടുകളുടെ എണ്ണം	അടങ്കൽ	ചെലവ്	%
ചൈൽഡ് ഡെവലപ്മെന്റ് പ്രൊജക്റ്റ് ഓഫീസർ	6	5	5275000	4532541	85.92
പട്ടികജാതി വികസനഓഫീസർ	5	5	5325000	4258930	79.97
മെഡിക്കൽ ഓഫീസർ CHC	10	10	4245908	3889278	91.6
അസിസ്റ്റന്റ് ഡയറക്ടർ(കൃഷി)	4	3	6045800	4784400	79.14
സെക്രട്ടറി	41	29	25203502	16447327	65.25
അസിസ്റ്റന്റ് എഞ്ചിനീയർ	38	34	20848686	16281143	78.09
ഡയറി എക്സ്റ്റെൻഷൻ ഓഫീസർ	4	4	5672826	2751675	48.5
ആകെ	108	90	72616722	52945294	72.91

വിനിയോഗലക്ഷ്യം കൈവരിച്ചില്ല- 73.53ലക്ഷം രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു

2020-21 കാലയളവിലെ പൊതുവിഭാഗം വികസനഫണ്ട് വിനിയോഗത്തിൽ മികച്ച വിനിയോഗം കൈവരിക്കാൻ സാധിച്ചിരുന്നുവെങ്കിലും ധനകാര്യകമ്മീഷൻ ഗ്രാന്റ് വിഹിതം ചെലവഴിക്കുന്നതിൽ വേണ്ടത്ര പുരോഗതി കൈവരിക്കാൻ സാധിച്ചിരുന്നില്ല. 41.75% മാത്രമാണ് ചെലവ് ശതമാനം. കൂടാതെ ടിഎസ് പി ഗ്രാന്റ് വിനിയോഗം 3.85% മാത്രമാണ്. കൂടാതെ അസി.എക്സി.എഞ്ചിനീയർ, ഇൻഡസ്ട്രിയൽ എക്സ്റ്റെൻഷൻ ഓഫീസർ എന്നിവർക്ക് നിർവ്വഹണോദ്യോഗസ്ഥരായി തൻവർഷം പ്രൊജക്ടുകൾ തയ്യാറാക്കി നടപ്പാക്കിയിരുന്നില്ല. നിർമ്മാണ പ്രൊജക്ടുകൾക്ക് എസ്റ്റിമേറ്റ് സമഗ്രമായി തയ്യാറാക്കി പ്രൊജക്ടുകൾ നടപ്പാക്കുന്നതിന് പകരം ഒറ്റ പ്രവർത്തിയ്ക്ക് ഒന്നിലധികം പ്രൊജക്ടുകൾ തയ്യാറാക്കുന്നതായും കാണുന്നു. വിനിയോഗത്തിൽ വന്ന ജാഗ്രതക്കുറവ് മൂലം തൻവർഷം സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട സർക്കാർ ഗ്രാന്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാന്റ്-ഇനം	നീക്കിയിരിപ്പ്/ ലാപ്സായ തുക
വികസന ഫണ്ട്-ജനറൽ	2,118,919/-
വികസന ഫണ്ട്-SCP	951/-
വികസന ഫണ്ട്-TSP	400,000/-
ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied)	3,139,418/-
ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied)	1,224,019/-
മെയിന്റനൻസ് ഗ്രാന്റ്-Non Road	470,055/-
ആകെ	7353362

സ്പിൽ ഓവർ പ്രോജക്ടുകൾക്കുള്ള ക്യാരി ഓവർ വിഹിതം തുടർന്ന് സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ലാത്തതിനാൽ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട 73.53ലക്ഷം രൂപ ആത്യന്തികമായി ബ്ലോക്ക് പഞ്ചായത്തിന് നഷ്ടമായി.

73.53 ലക്ഷത്തിലധികം രൂപ ബ്ലോക്ക് പഞ്ചായത്തിന്റെ ജാഗ്രതക്കുറവ് മൂലം തൻവർഷം ചെലവഴിക്കാനാവാതെ പാഴായി എന്നത് സഗൗരവം വിലയിരുത്തേണ്ടതും ഭാവിയിൽ വിനിയോഗലക്ഷ്യം കൈവരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

വർക്കിംഗ് ഗ്രൂപ്പുകൾ പുനസംഘടിപ്പിച്ചിരുന്നുവെങ്കിലും പലതും നിർജ്ജീവമാണെന്ന് കാണുന്നു. അംഗീകാരം

ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഈ പ്രവർത്തനങ്ങൾ ഫലപ്രദമായി നിർവ്വഹിക്കുന്നതായി കാണുന്നില്ല. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

1-6 തൊഴിലുറപ്പ് പദ്ധതി

പ്രത്യേക പരാമർശമില്ല

1-7 സാമൂഹ്യ സുരക്ഷാപദ്ധതികൾ

വിവിധ സാമൂഹ്യ സുരക്ഷ പെൻഷനുകൾ ഗ്രാമപഞ്ചായത്തുകൾ മുഖേന വിതരണം ചെയ്യുന്നതിനാൽ ബ്ലോക്ക് പഞ്ചായത്ത് സാമൂഹ്യക്ഷേമ പെൻഷനുകൾക്ക് തുക ചെലവഴിച്ചിട്ടില്ല.

1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.04.2022-ൽ 3.30 പി.എം.-ന് ഹെഡ് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ കാഷ് നീക്കിയിരിപ്പ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തേണ്ടതുണ്ട്. ജനറൽ പർപ്പസ് ഫണ്ട് വൗച്ചറുകൾക്കൊപ്പം ചെലവിനാധാരമായ രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല. വൗച്ചറുകൾക്കൊപ്പം ചെലവിനാധാരമായ എല്ലാ രേഖകളും സൂക്ഷിക്കുന്നുണ്ടെന്ന് അക്കൗണ്ടന്റ് ഉറപ്പുവരുത്തേണ്ടതാണ്. വൗച്ചറുകളിൽ നം./തീയതി രേഖപ്പെടുത്തുന്നില്ല. വൗച്ചറുകൾ പ്രസിഡണ്ട് സാക്ഷ്യപ്പെടുത്തുന്നില്ല. സാംഖ്യയിൽ ലഭ്യമാകുന്ന പേയ്മെന്റ് വൗച്ചറുകളും വൗച്ചറുകൾക്കൊപ്പം സൂക്ഷിച്ചിട്ടില്ല. വൗച്ചറുകൾ ക്രമപ്രകാരം സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ലോൺ രജിസ്റ്റർ, ബി4 ഷെഡ്യൂളിലെ ബാധ്യതകളുടെ വിവരം കാണിക്കുന്ന എസിആർ, അഡ്വാൻസ് രജിസ്റ്റർ തുടങ്ങിയ അനുബന്ധരജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ലായെന്ന് കാണുന്നു.

മരാമത്ത് പ്രവൃത്തികൾ ആരംഭിച്ചതിന് ശേഷം മിക്ക പ്രോജക്ടുകളുടേയും എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്യുന്നതായി കാണുന്നു. വർക്ക് സൈറ്റ് കൃത്യമായി പരിശോധിച്ച് എസ്റ്റിമേററ് തയ്യാറാക്കാത്തതുമൂലമാണ് ഇത് സംഭവിക്കുന്നത്. ഭാഗികമായ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കുന്നതുമൂലം പദ്ധതി ലക്ഷ്യം കൈവരിക്കുന്നതായി കരുതുവാൻ സാധിക്കുന്നില്ല. ഉദാ- വിവിധ കെട്ടിടനിർമ്മാണ പ്രോജക്ടുകൾ,

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനഓഡിറ്റ് നടത്തിയതീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	03/02/2021-17/02/2021	2020-21	04/DPAW/KTM/2022 തീയതി 08/03/2022
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	23-11-2013	2008-09മുതൽ 2012-13വരെ	LBA(HQ) I/I/LBAII/195 തീയതി 20-11-2013

1-11 രസീത് സംബന്ധമായ അപാകതകൾ

ടെൻഡർ ഫീസ്, ഡിപ്പോസിറ്റ് തുകകൾ തുടങ്ങിയ വിവിധ വരവുകൾ സാംഖ്യവഴി രസീത് ചെയ്യാതെ മാന്വൽ രസീത് ബുക്കിൽ എഴുതി ചേർക്കുകയും പിന്നീട് ഇതേ രസീതുകൾ ഇന്ററപ്ഡ് രസീതായി സാംഖ്യയിൽ എൻട്രി വരുത്തുകയുമാണ് ഓഡിറ്റ് വർഷങ്ങളിൽ (2019-20, 2020-21) ചെയ്തിട്ടുള്ളത്. കളക്ഷൻ രജിസ്റ്റർ പരിപാലിക്കാത്തതിനാൽ ദിവസേന ലഭിക്കുന്ന വിവിധ വരവുകൾ ക്രോഡീകരിച്ച് ഓരോ ദിവസവും ക്ലോസ് ചെയ്ത് ബാങ്കിൽ ഒടുക്കുന്നതായി എവിടെയും രേഖപ്പെടുത്തുന്നില്ല. ചെക്ക് / ഡി.ഡി ആയി ലഭിക്കുന്ന വരവുകൾ സെക്യൂരിറ്റി രജിസ്റ്ററിൽ ചേർക്കുന്നുണ്ടെങ്കിലും എന്ത് ഉപയോഗത്തിനുള്ള വരവാണെന്നോ ഏത്

അക്കൗണ്ടിലാണ് ഒടുക്കിയതെന്നോ കളക്ഷൻ ആയ തീയതിയോ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുന്നില്ല. ദിവസേനയുള്ള വരവുകൾ രേഖപ്പെടുത്തിയ ഡേ ബുക്ക് കൃത്യമായി ഓരോ ദിവസവും പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല. ലോക്കൽ സാംഖ്യയിൽ സെർവർ തകരാർ പോലെയുള്ള സാങ്കേതിക പ്രശ്നങ്ങൾ നിലനിൽക്കുന്നതിനാൽ സാംഖ്യ രസീതുകൾ, ഡേ ബുക്ക് എന്നിവ യഥാസമയം പ്രിന്റ് എടുക്കാൻ സാധിക്കുന്നില്ല. സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കാനാവശ്യമായ ടെക്നിക്കൽ അസിസ്റ്റന്റിന്റെ സേവനം യഥാസമയം ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുന്നില്ല. അപാകതകൾ പരിഹരിച്ച് വരവ്, ഒടുക്ക് എന്നിവയുടെ കൃത്യത ഉറപ്പാക്കാനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-12 തേക്ക് മരങ്ങളുടെ ലേലം- തടികൾ നാശോന്മുഖമായ നിലയിൽ

ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ അപകടകരമായി നിന്ന 7 തേക്ക്, 4 വട്ട മരങ്ങൾ ഗ്രാമവികസനകമ്മീഷണറുടെ 27-10-18, 16-2-19 തീയതികളിലെ 15270/H&T2/2015/CRD ഉത്തരവ് പ്രകാരം ജീവനും സ്വത്തിനും ഭീഷണിയായി നില്ക്കുന്നുണ്ടെങ്കിൽ മുറിച്ച് മാറ്റുന്നതിന് അനുമതി നൽകിയിരുന്നു. എന്നാൽ മുറിച്ച് മാറ്റുന്നതിന് ലേലനടപടികൾക്കായി ക്വട്ടേഷൻ പരസ്യം നൽകിയത് 10-6-19ന് മാത്രമാണ്. ടി കാലയളവിൽ മുറിച്ച് മാറ്റുന്നതിന് മുൻപ് മരങ്ങളുടെ വാല്യുവേഷൻ എടുക്കുന്നതിനുള്ള അനുമതി വനംവകുപ്പിൽ നിന്നും ലഭ്യമാക്കി ലേലനടപടികൾ സ്വീകരിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് നടപടി സ്വീകരിച്ചിരുന്നില്ല. ഗ്രാമവികസനകമ്മീഷണറുടെ 3-10-19ലെ 2368/H&T2/19/CRD(1) നമ്പർ കത്ത് പ്രകാരം മുറിച്ച് മാറ്റാൻ ഉദ്ദേശിക്കുന്ന മരങ്ങളുടെ വാല്യുവേഷൻ ഫോറസ്റ്റ് അസി.കൺസർവേറ്ററിൽ നിന്നും ലഭ്യമാക്കി ബ്ലോക്ക് പഞ്ചായത്ത് സമിതി തീരുമാനം സഹിതം ADC(ജനറൽ) ന്റെ ശുപാർശയോടുകൂടി ലേലനടപടികൾക്കുള്ള അനുമതിയ്ക്കായി ഗ്രാമവികസനകമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ് എന്ന നിർദ്ദേശം നൽകിയിരുന്നു. ഈ രീതിയിൽ മരങ്ങൾ മുറിക്കുന്നതിന് മുൻപ് തന്നെ വാല്യുവേഷൻ എടുത്ത് ലേലനടപടികൾക്കുള്ള സാദ്ധ്യത ബ്ലോക്ക് പഞ്ചായത്ത് പരിഗണിച്ചില്ലായെന്ന് കാണുന്നു.

25-6-19ലെ കമ്മറ്റി തീരുമാനപ്രകാരം മരങ്ങൾ വെട്ടിമാറ്റുന്നതിന്റെ ക്വട്ടേഷൻ കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത ശ്രീ മോഹൻദാസ്, തെക്കേപെരുപള്ളിൽ എന്നയാൾക്ക് നൽകിയിരുന്നു. എന്നാൽ ടിയാൾ മരങ്ങൾ മുറിച്ച് മാറ്റിയത് നവംബർ മാസത്തോടെ മാത്രമാണ്. അനുമതി ലഭിച്ച് ഒരുവർഷത്തിന് ശേഷമാണ് മരങ്ങൾ മുറിച്ച് മാറ്റിയത്. വീണ്ടും ഒരുവർഷത്തിന് ശേഷം 3-9-2020ൽ മാത്രമാണ് കോട്ടയം സോഷ്യൽഫോറസ്റ്റി ഡിവിഷനിൽ നിന്നും തടികളുടെ വാല്യുവേഷൻ(SF3-454/2020) താഴെ പറയുന്ന രീതിയിൽ ലഭ്യമായത്.

തേക്ക് -282227

വട്ട -3916

വിറക്-3540

21.10.20, 4-11-20 തീയതികളിൽ നടന്ന ലേലത്തിൽ ആരും പങ്കെടുത്തില്ല. 13-11-20ൽ നടന്ന പുനർലേലത്തിൽ 50000/- രൂപയിലാണ് ലേലം ആരംഭിച്ചത്. വാല്യുവേഷൻ തുകയിൽ കുറഞ്ഞ നിരക്കിൽ ലേലം ആരംഭിച്ചതിന്റെ കാരണം വ്യക്തമല്ല. 3പേർ പങ്കെടുത്ത പ്രസ്തുത ലേലത്തിൽ കൂടിയ തുകയായ 71000/-രൂപയ്ക്ക് ലേലം വിളിച്ചയാളുടെ ലേലം പഞ്ചായത്ത് കമ്മറ്റി അംഗീകാരം നൽകിയില്ല. 21-5-2021 ന് കോട്ടയം സോഷ്യൽഫോറസ്റ്റി ഡിവിഷനിൽ നിന്നും തടികളുടെ പുനർവാല്യുവേഷനിൽ തേക്കിന്റെ വില 279924/-രൂപയായി നിർണയിക്കുകയും വട്ടമരം ഉപയോഗശൂന്യമായതായി റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്. 16-7-21ന് നടന്ന ലേലത്തിലും 75000/-രൂപയിലാണ് ലേലം ആരംഭിച്ചത്. വാല്യുവേഷൻ തുകയിൽ കുറഞ്ഞ തുകയിൽ ലേലം ആരംഭിച്ചതിന്റെ കാരണം വ്യക്തമല്ല. കൂടിയ തുകയായ 1,22,000/- രൂപയ്ക്ക് ലേലം കൊണ്ട ടോമി തോമസ് എന്നയാളുടെ ലേലം ജനറൽ കമ്മറ്റി അംഗീകരിച്ചിരുന്നുവെങ്കിലും ഗ്രാമവികസനകമ്മീഷണറേറ്റിൽ നിന്നുള്ള അനുമതി ലഭ്യമായിരുന്നില്ല. മുറിച്ചിട്ട തടികൾ കാലപ്പഴക്കം മൂലം മൂല്യശോഷണം സംഭവിക്കാതെ ലേലം ചെയ്ത് മുതൽക്കൂട്ടാൻ സ്വീകരിക്കുന്ന നടപടികൾ വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം1) മറുപടിയായി തുടർലേലങ്ങൾ നടത്തി തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയതായി അറിയിച്ചിട്ടുണ്ട്. നിലവിൽ തടികൾ നാശോൻമുഖമായ നിലയിൽ ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. ടി തടികൾ

അടിയന്തിരമായി ലേലനടപടികൾ സ്വീകരിച്ച് മുതൽക്കൂട്ടാത്തപക്ഷം ഇത് സംബന്ധിച്ചുണ്ടാകുന്ന നഷ്ടത്തിന് സെക്രട്ടറിയ്ക്കും ഭരണസമിതിയ്ക്കും ഉത്തരവാദിത്വം ഉണ്ടാവുന്നതാണ്. പ്രസ്തുത വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13 ഇ-ടെൻഡർ ഫീസ്- ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായിട്ടില്ല

മരാമത്ത് പ്രവർത്തികളുമായി ബന്ധപ്പെട്ട ഇ-ടെൻഡറുകളുടെ ഫീസുകൾ ഒടുക്കി വന്നിരുന്നത് അതാത് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലായിരുന്നു. ടി തുകകൾ ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്കുള്ള വരുമാനമാണ്. 2020-21 വർഷവും മുൻവർഷങ്ങളിലും മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിലെ ഇ-ടെൻഡർ ഫീസിനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭ്യമായതുകകൾ ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിച്ചിരുന്നില്ല. ചീഫ് എഞ്ചിനീയറുടെ 17.08.2017 ലെ DB1/7942/2010/CE/LSGD നം. സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും എസ്.ബി.ഐ.യിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് ഇത്തരത്തിൽ ഒരു അക്കൗണ്ട് ആരംഭിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ നിർവ്വഹണം നടത്തുന്നതിനായി തയ്യാറാക്കിയ എല്ലാ പ്രോജക്ടുകളും ഇ-ടെൻഡർ മുഖേനയാണ് ടെൻഡർ ക്ഷണിച്ചത്. തൻവർഷത്തെയും മുൻവർഷത്തേതുമുൾപ്പെടെ വളരെയധികം തുക ജില്ലാപഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കാനവശേഷിക്കുന്നു. ഇ-ടെൻഡർ ഫീസിനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുവാനുള്ള തുകകൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-14 കുടിവെള്ള ടാങ്ക് സ്ഥാപിക്കൽ - പർച്ചേയ്സ് ബിൽ ഹാജരാക്കിയില്ല

താഴെപ്പറയുന്ന പ്രോജക്ട് പ്രകാരം വാക്കത്തിൽ കുന്നംപുറം കുടിവെള്ള പദ്ധതിയ്ക്ക് 10000 ലിറ്റർ കപ്പാസിറ്റിയുള്ള വാട്ടർ ടാങ്ക് വാങ്ങി നൽകുകയായിരുന്നു ലക്ഷ്യം. ഇതു പ്രകാരം തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ടിന്റെ പേര്	ചെലവ് / ചെക്ക് നം.	കരാർ ലഭിച്ച സ്ഥാപനം	അപാകത	നിർവഹണോദ്യോഗസ്ഥൻ
പ്രോജ.141/2020-21, വാക്കത്തിൽ കുന്നംപുറം കുടിവെള്ള പദ്ധതിയ്ക്ക് ടാങ്ക്	112000 (തനത് ഫണ്ട്) .XY 2282562/23.1.2021	ബ്രൈറ്റ് മാർക്ക് എഞ്ചിനീയേഴ്സ് ഓഫ് കോൺട്രാക്ടേഴ്സ്	വില തെളിയിക്കുന്നതിനാവശ്യമായ പർച്ചേയ്സ് ബിൽ	സെക്രട്ടറി

വാങ്ങൽ			ഹാജരാക്കിയിട്ടില്ല

മേൽ പ്രോജക്ടിൽ ടാങ്കിന്റെ വിലയായ 100000/- രൂപയും ജി.എസ്.റ്റി 12 ശതമാനവും ഉൾപ്പെടെ കരാറുകാരന് തുക നൽകിയെങ്കിലും വില തെളിയിക്കുന്ന ജി.എസ്.റ്റി ബിൽ ഹാജരാക്കിയിട്ടില്ല. അസി.എഞ്ചിനീയർ തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് വാങ്ങൽ നടത്തിയത്. വാട്ടർ ടാങ്ക് വാങ്ങി നൽകുന്നതിനായുള്ള പ്രസ്തുത പ്രൊജക്റ്റിന്റെ ബിൽ തുകയ്ക്കൊപ്പം 12% ജിഎസ്ടി വിഹിതം കൂടി നൽകാനിടയായതിന്റെ കാരണം വിശദീകരിച്ചിട്ടില്ല. മാർക്കറ്റ് നിരക്കിലുള്ള വാട്ടർടാങ്ക് വാങ്ങിയതിന്റെ ബിൽ പരിശോധനയ്ക്ക് ഹാജരാക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 112000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-15 ഓഫീസ് ആവശ്യത്തിന് യു.പി.എസ്, കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ - കെൽട്രോണിന് നൽകിയ അധിക തുക തിരികെ ഈടാക്കിയില്ല

പ്രോജ. നം.98/2020-21, ഓഫീസ് ആവശ്യത്തിന് യു.പി.എസ്, കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ

നിർവഹണോദ്യോഗസ്ഥൻ -സെക്രട്ടറി

അടങ്കൽ - 400000/-

ചെലവ് - 194570/- (വി.ഫ. - 150000, തനത് ഫണ്ട് - 44570)

ബിൽ നം.14/11.4.2020
ചെക്ക് നം. XY 2282247/30.03.2020

കെൽട്രോണിൽ നിന്നും CPRCS മുഖേന (WO 20669) 4 വിൻഡോസ് (ഇന്റൽ) 40129/- രൂപ വിലയുള്ള കമ്പ്യൂട്ടറും 1 കെ.വി.എ യു.പി.എസും 1 എ4 പ്രിന്ററും വാങ്ങുന്നതിനായി തുക കൈമാറിയിട്ടുണ്ട്. എന്നാൽ വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റത്തിന് പകരം 28850/- രൂപ വിലയുള്ള ഉബുൻഡു ഓപ്പറേറ്റിംഗ് സിസ്റ്റമുള്ള 4 ഡെസ്ക്ടോപ്പാണ് ലഭിച്ചത് (ടാക്സ് ഇൻവോയ്സ് നം.ITP/05703/21-22/30.09.21). ഇപ്രകാരം വില നൽകിയെങ്കിലും യു.പി.എസും പ്രിന്ററും ലഭിച്ചില്ല. അധികം നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ആവശ്യപ്പെട്ടിരുന്ന ഉപകരണങ്ങൾ	നൽകിയ തുക (നികുതി ഉൾപ്പെടെ)	ലഭിച്ച ഉപകരണങ്ങൾ	നൽകാവുന്ന തുക	അധികം നൽകിയ തുക
1	Desktop – 4 Nos (Windows 10)	4x40129=160516	Destop – 4 Nos Ubuntu (Intel)	4x24449.15x97796.60 GST 18% =17603.388 Tranportation Charge 4% = 4615.999	
2	I KVA UPS – 1 No.	1x19328=19328	-		
3	A4 മൾട്ടിഫങ്ഷൻ പ്രിന്റർ - 1 No.	1x14726=14726	-		
	ആകെ	194570	ആകെ	120015.98	74554.02

അധികം നൽകാനിടയായ 74554/- രൂപ തിരികെ ലഭിക്കുന്നതിനായി (നം.ബി/540/2020/19.1.2022) കെൽട്രോണിന് കത്ത് നൽകിയിരുന്നു. അധികം നൽകിയ തുക തിരികെ ലഭിച്ചിട്ടില്ല. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.12/27.4.2022) അധിക തുക കെൽട്രോണിൽ നിന്നും തിരികെ ഈടാക്കാൻ നടപടി സ്വീകരിച്ച വരുന്നതായും അറിയിച്ചു. കെൽട്രോണിൽ നിന്നും തുക തിരികെ ഈടാക്കി വിവരം അറിയിക്കുന്നതുവരെ അധിക തുകയുടെ ചെലവ് (74554/-) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-16 തുമ്പൂർമുഴി പദ്ധതി - എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് പ്രവർത്തനക്ഷമമായില്ല

പ്രോജക്ട് നം.96/2020-21 (സ്പിൽ ഓവർ)	തുമ്പൂർമുഴി പദ്ധതി - ബ്ലോക്ക് പഞ്ചായത്തിൽ
നിർവഹണം	സെക്രട്ടറി
അടങ്കൽ	500000/-
ചെലവ്	337277/- (വി.ഫ-79000,ധന.കമ്മീ.-258277)
ബിൽ നം.	7/11.4.2020, 275/30.3.2021
എം.ബുക്ക് നം.	17/2020-21

ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ ജൈവമാലിന്യ നിർമ്മാർജ്ജനത്തിനായി തുമ്പൂർമുഴി മാതൃകയിൽ എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി നിർവഹണ ഏജൻസിയായ സോഷ്യോ

എക്കണോമിക് യൂണിറ്റിനെ തെരഞ്ഞെടുത്തതിന്റെ അടിസ്ഥാനത്തിൽ 2 ബിൻ വീതമുള്ള 2 യൂണിറ്റുകൾ സ്ഥാപിക്കുകയുണ്ടായി. എന്നാൽ ടി യൂണിറ്റ് നാളിതുവരെ പ്രവർത്തനക്ഷമമായില്ല. ടി യൂണിറ്റിലേക്കാവശ്യമായ ജൈവ മാലിന്യം (ഉദാ.കരിയില, ചാണകം, പച്ചക്കറി വേസ്റ്റ് ...) എപ്രകാരം സംഭരിക്കുമെന്നും ഇത്തരം ജോലി ആരെ ഏല്പിക്കുമെന്നും ബ്ലോക്ക് പഞ്ചായത്തിന് വ്യക്തമായ ധാരണയില്ല. ബ്ലോക്ക് പഞ്ചായത്തായതിനാൽ ഹരിതകർമ്മ സേനയുടെ സേവനവും ലഭ്യമല്ല. ടി യൂണിറ്റിലേക്കാവശ്യമായ ജൈവ മാലിന്യം ശേഖരിക്കൽ, ദൈനംദിന ചുമതലകൾ തുടങ്ങിയ കാര്യപ്പാടുകളൊന്നും കൂടാതെ ഫണ്ട് ചെലവഴിക്കാൻ മാത്രമാണ് കമ്പോസ്റ്റ് യൂണിറ്റ് ബ്ലോക്ക് പഞ്ചായത്ത് പരിസരത്ത് സ്ഥാപിച്ചത്. 29.04.2022 ൽ നടത്തിയ ഭൗതിക പരിശോധനയിൽ എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് പ്രവർത്തനക്ഷമമല്ലായെന്ന് ഓഡിറ്റിന് ബോദ്ധ്യപ്പെട്ടു. സർക്കാർ പണം ഇപ്രകാരം പാഴായിപ്പോകാതെ പ്രസ്തുത യൂണിറ്റ് അടിയന്തിരമായി പ്രവർത്തനക്ഷമമാക്കി മാലിന്യസംസ്കരണം സാധ്യമാക്കുന്നതിനും ലക്ഷ്യം കൈവരിച്ച് ജൈവവളം പോലെയുള്ള ഉത്പ്പന്നങ്ങൾ ഉത്പ്പാദിപ്പിച്ച് വരുമാനദായകമാക്കുന്നതിനും മുന്നോട്ടുള്ള പ്രവർത്തനത്തിനും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതാണ്. എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് പ്രവർത്തനക്ഷമമാകുന്നതുവരെ മേൽ പ്രോജക്ടിനായുള്ള 337277/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ വിഷയത്തിൽ ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-17 തനത് ഫണ്ട് വൗച്ചർ സൂക്ഷിപ്പിലെ അപാകത

2020-21 വർഷത്തെ ജനറൽ പർപ്പസ് ഫണ്ട് ചെലവുകളുമായി ബന്ധപ്പെട്ട വൗച്ചറുകൾ പരിശോധിച്ചതിൽ ധാരാളം അപാകതകൾ ഉള്ളതായി കാണുന്നു. വൗച്ചറുകൾ തീയതിക്രമത്തിൽ അനുബന്ധരേഖകൾ സഹിതം സൂക്ഷിച്ചിട്ടില്ല. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല. വൗച്ചറുകൾ പ്രകാരമുള്ള ചെലവുകൾക്കാധാരമായ രേഖകൾ പൂർണ്ണമല്ല. ചെക്ക് ഇഷ്യൂ രജിസ്റ്ററിൽ പേയ്മെന്റ് വൗച്ചറിന്റെ വിവരം, ചെലവിനം മുതലായവ രേഖപ്പെടുത്തുന്നില്ല. രേഖകളുടെ അഭാവത്തിൽ തൻവർഷത്തെ ചെലവിന്റെ കൃത്യത വ്യക്തമല്ല. തനത് ഫണ്ട് ചെലവുകളുമായി ബന്ധപ്പെട്ട വൗച്ചറിനൊപ്പം ചുവടെ ചേർക്കുന്ന വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ക്രമനം	പേയ്മെന്റ് വൗച്ചർ നം/ചെക്ക് നം ,തീയതി	തുക	അപാകത
1	22000027 /21.4.20	3000/-	പ്രോജക്ടിന്റെ ഡേറ്റ എൻട്രിക്ക് നൽകിയത്. കമ്മറ്റി തീരുമാനം ലഭ്യമാക്കിയിട്ടില്ല
2	22000031 /21.4.20	13066/-	ഇലക്ട്രിക് വർക്കുകൾക്ക് നൽകിയത് . ക്വട്ടേഷൻ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.
3	2282253 /23.4.20	5115/-	വൗച്ചർ ലഭ്യമാക്കിയിട്ടില്ല.
4	22000069 /18.6.20	10500/-	ക്ഷീരവികസനഓഫീസിൽ ഡേറ്റ എൻട്രി നടത്തിയതിന് നൽകിയത് .ഹാജർ വിവരങ്ങൾ , കമ്മറ്റി തീരുമാനം ,മറ്റ് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

5	22000146 /4.8.20	13951 /-	മുൻവർഷത്തെ ഇൻവോയിസ് പ്രകാരമാണ് തുക നൽകിയത്. സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല
6	228253 /2.11.20	46545 /-	വൗച്ചർ,ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.
7	22000261 / 23.11.20	1900/-	സ്റ്റേഷനറിക്ക് നൽകിയത്, ഇൻവോയിസ് ,ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.
8	2282546 /30.11.20	6300/-	പേയ്മെന്റ് വൗച്ചർ ലഭ്യമാക്കിയിട്ടില്ല.
9	2282551 / 31.12.20	5203 /-	വൗച്ചർ ,ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.
10	22000305 /20.1.21	2040 /-	ചെലവിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.
11	22000366 /16.2.21	6750/-	MNREGA അഡ്വാൻസ് നൽകിയത് റീക്കൂപ്പ് ചെയ്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.
12	2282575 /3.3.21	92205 /-	പേയ്മെന്റ് വൗച്ചർ , ചെലവിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.
13	22000409 /27.3.21	12260/-	ബാനറിന് നൽകിയത്. ക്വട്ടേഷൻ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.
	ആകെ	218835	

വിശദാംശങ്ങൾ അനുബന്ധരേഖകൾ സഹിതം ലഭ്യമാക്കാത്ത പക്ഷം ആയത് ടി കാലയളവിലെ സെക്രട്ടറി, അക്കൗണ്ടന്റ് എന്നിവരുടെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

1-18 സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ - പൂർണ്ണ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല

സെക്രട്ടറി നിർവഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ടുകൾ പ്രകാരം വിവിധ ഏജൻസികൾക്കും പഞ്ചായത്തുകൾക്കും തുക കൈമാറിയെങ്കിലും തുകയ്ക്ക് അനുസൃതമായ പൂർണ്ണ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതായി കാണുന്നില്ല

ക്രമ നം.	പ്രോജ. നം., പേര്	ചെലവ്/ബിൽ നം.	തുക ലഭിച്ച സ്ഥാപനം	ബാലൻസ് / വിനിയോഗ സാക്ഷ്യപത്രം ലഭിക്കാൻ അവശേഷിക്കുന്നത്
1.	പ്രോജ. നം.120/2020-21, ആഞ്ഞിലിവേലിക്കളം നവീകരണം (സ്പിൽ ഓവർ)	932067/- (വി.ഫ. - 427550, ധന. കമ്മീ. - 504517)	തുക്കൊടിത്താനം ഗ്രാമ പഞ്ചായത്ത്	തുക്കൊടിത്താനം- 932067

		35/4.5.2020 102/4.9.2020 170/27.1.2021		
2.	പ്രോജ.114/2020-21, വാഴപ്പള്ളി ഗ്രാമ പഞ്ചായത്തിലെ 14 വാർഡുകളിലെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ	618000 (വി.ഫ) 10, 11/11.4.2020	കേരള വാട്ടർ അതോറിറ്റി	121365
3.	പ്രോജ. നം.17/2020-21, ലൈഫ് ഭവന പദ്ധതി (ജനറൽ)	2586000 (വി.ഫ) 105/9.9.2020 183/6.2.2021 95/27.8.2020	മാടപ്പള്ളി ഗ്രാമ പഞ്ചായത്ത് 1206000 തൃക്കൊടിത്താനം ഗ്രാമ പഞ്ചായത്ത് 480000 വാകത്താനം ഗ്രാമ പഞ്ചായത്ത് 900000	മാടപ്പള്ളി ഗ്രാമ പഞ്ചായത്ത് 1206000 തൃക്കൊടിത്താനം ഗ്രാമ പഞ്ചായത്ത് 480000
4.	പ്രോജ.144/2020-21, തുരുത്തി ഡിവിഷനിലെ 1,2,3,4,5,19 വാർഡുകളിലെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ	690000 (ധന. കമ്മീ.) 206/23.2.2021	കേരള വാട്ടർ അതോറിറ്റി	92808
5.	പ്രോജ.93/2020-21, കൈതമറ്റം – ചെത്തിപ്പുഴ റോഡ് പൈപ്പ് ലൈൻ സ്ഥാപിക്കൽ	68000 (തനത് ഫണ്ട്) 8/11.4.2020	കേരള വാട്ടർ അതോറിറ്റി – 818000	157011
	പ്രോജ. 113/21, കൈതമറ്റം – ചെത്തിപ്പുഴ റോഡ് പൈപ്പ് ലൈൻ സ്ഥാപിക്കൽ(സ്പിൽ ഓവർ)	750000 (വി.ഫ) 9/11.4.2020		
6.	പ്രോജ.145/21, മാടപ്പള്ളി ഗ്രാ.പ. 4,6,8,9,10,12 വാർഡുകളിലെ	500000 (ധന. കമ്മീ.) 231/21.3.2021	കേരള വാട്ടർ അതോറിറ്റി	500000

	പൈപ്പ് ലൈൻ എക്സ്റ്റൻഷൻ			
7.	പ്രോജ.110/21, CARWSS മാടപ്പള്ളി വാകത്താനം കറുകച്ചാൽ പഞ്ചായത്ത് പദ്ധതി- വാകത്താനം ഡിവിഷനിൽ പൈപ്പ് ലൈൻ വലിക്കൽ - രണ്ടാം ഘട്ടം	920000 (വി.ഫ) 15/11.4.2020	കേരള വാട്ടർ അതോറിറ്റി	157343
8.	പ്രോജ.118/2, കിടപ്പ് രോഗികളെ വീട്ടിൽ ചെന്ന് ശുശ്രൂഷിക്കുന്നതിന് വിഹിതം നൽകൽ	52407 (വി.ഫ) 44/26.5.2020	മാടപ്പള്ളി ഗ്രാമ പഞ്ചായത്ത്	52407

ക്രമ നം. 8 ന് കൈപ്പറ്റും വിനിയോഗ സാക്ഷ്യപത്രവും സൂക്ഷിച്ചിട്ടില്ല.

ക്രമ നം.2,4, 5,7 എന്നീ പ്രോജക്ടുകളിൽ കൈമാറിയ തുകയ്ക്ക് അനുസൃതമായ പൂർണ്ണ വിനിയോഗ സാക്ഷ്യപത്രത്തിനു പകരം ഭാഗിക വിനിയോഗ സാക്ഷ്യപത്രമാണ് ലഭിച്ചിട്ടുള്ളത്. അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.12/27.04.2022) മേൽ പ്രോജക്ടുകളുടെ പൂർണ്ണ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാമെന്നറിയിച്ചിട്ടുണ്ട്. പൂർണ്ണ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ക്രമ നം.1 മുതൽ ക്രമ നം.8 വരെയുള്ള പ്രോജക്ടുകളുടെ വിനിയോഗ വിവരം ലഭിക്കാൻ അവശേഷിക്കുന്ന തുകയായ 36,99,001/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-19 സി.എച്ച്.സി യ്ക്ക് സി.സി ക്യാമറ സ്ഥാപിക്കൽ - കരാറുകാരന് അധിക തുക നൽകി

പ്രോജ. നം.168/21	വാകത്താനം സി.എച്ച്.സി യ്ക്ക് സി.സി ക്യാമറ സ്ഥാപിക്കൽ
അടങ്കൽ	120000(നോൺ റോഡ്)
ബിൽ നം. ചെലവ്	18/26.1.2021, 28/27.3.2021= 117493/- (നോൺ റോഡ്)
എം. ബുക്ക് നം.	2/2020-21

മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ ടി പ്രോജക്ടിൽ 120000/- രൂപ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ടെൻഡർ ക്ഷണിച്ചതിൽ 2 പേർ പങ്കെടുക്കുകയും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത (112885/-)ആവലോൺ സിസ്റ്റംസിന് കരാർ നൽകുകയും ചെയ്തു. (PAC-112885/-) പ്രവൃത്തിയുടെ മൂല്യം കണക്കാക്കി പെയ്മെന്റ് നൽകിയതിൽ അധികമായി കരാറുകാരന് തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഇനം	നൽകാവുന്ന തുക
1.	ചെയ്ത പ്രവൃത്തിയുടെ മൂല്യം (Value Of Work Done)	110455 (M-Book പേജ്.4)

2.	എസ്റ്റിമേറ്റ് തയ്യാറാക്കിയ ചാർജ്ജ് 3%of PAC	3387
3.	ചെക്ക് മെഷർ ചെയ്ത ചാർജ്ജ് 1%of PAC	1129
4.	ആകെ(ക്രമ നം.1+2+3)	114971
	മറ്റ് റിക്കവറീസ്	
5.	ക്ഷേമനിധി വിഹിതം (1% Of Work Done)	1105
6.	ഇൻകം ടാക്സ് (1% Of Work Done)	1105
7.	എസ്റ്റിമേറ്റ് തയ്യാറാക്കിയ ചാർജ്ജ് 3%of PAC	3387
8.	ചെക്ക് മെഷർ ചെയ്ത ചാർജ്ജ് 1%of PAC	1129
9.	ആകെ റിക്കവറീസ്(ക്രമ നം.5+6+7+8)	6726
10.	കോൺട്രാക്ടർക്ക് നൽകാവുന്നത് (ക്രമ നം.4-ക്രമ നം.9)	108245
11.	കോൺട്രാക്ടർക്ക് നൽകിയത്	112885
12.	അധികമായി നൽകിയത്	4640

അധികമായി ചെലവഴിച്ച തുക (4640/-)ഓഡിറ്റിൽ നിരാകരിക്കുന്നു. നഷ്ടം കരാറുകാരനിൽ നിന്ന് ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ തിരികെ ഒടുക്കാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥയായ മെഡിക്കൽ ഓഫീസറുടെ(സി.എച്ച്.സി) ബാദ്ധ്യതയായിരിക്കുന്നതാണ്.

1-20 വാകത്താനം സി.എച്ച്.സി ഇലക്ട്രിഫിക്കേഷൻ - കരാറുകാരന് അധിക തുക നൽകി

പ്രോജ. നം.167/21	വാകത്താനം സി.എച്ച്.സി ഇലക്ട്രിഫിക്കേഷൻ
അടങ്കൽ	500000(നോൺ റോഡ്)
ബിൽ നം. ചെലവ്	17/18.12.2020 – 475159 (നോൺറോഡ്)
എം. ബുക്ക് നം.	1/2020-21

മേൽ പരാമർശിത പ്രോജക്ടിൽ 495000/- രൂപ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ടെൻഡർ ക്ഷണിച്ചതിൽ 2 പേർ പങ്കെടുക്കുകയും എസ്റ്റിമേറ്റിൽ നിന്നും 1% കുറവായി ക്വോട്ട് ചെയ്ത ശ്രീ.ഡിനു ചാക്കോ, 'ബ്ലൂസ്റ്റാർ ഇലക്ട്രിക്കൽസ് 'എന്ന സ്ഥാപനത്തിന് കരാർ നൽകുകയും ചെയ്തു. (PAC-490050/-) പ്രവൃത്തിയുടെ മൂല്യം കണക്കാക്കി പെയ്മെന്റ് നൽകിയതിൽ താഴെപ്പറയുന്ന അപാകത കാണുന്നു.

ക്രമ നം.	ഇനം	നൽകാവുന്ന തുക
1.	ചെയ്ത പ്രവൃത്തിയുടെ മൂല്യം (Value Of Work Done)	460727 (M-Book പേജ്.36)
2.	1% കുറച്ചത് (1% Of Value Of Work	456120

	Done- 4607)	
3.	എസ്റ്റിമേറ്റ് തയ്യാറാക്കിയ ചാർജ്ജ് (3%of PAC)	14702
4.	ചെക്ക് മെഷർ ചെയ്ത ചാർജ്ജ് (1%of PAC)	4901
5.	ആകെ (ക്രമ നം.1+2+3+4)	475723
	മറ്റ് റിക്കവറീസ്	
6.	ക്ഷേമനിധി വിഹിതം (1% Of Work Done)	4607
7.	ഇൻകം ടാക്സ് (1% Of Work Done)	4607
8.	ജി.എസ്.റ്റി (2% Of Work Done)	9215
9.	എസ്റ്റിമേറ്റ് തയ്യാറാക്കിയ ചാർജ്ജ് (3%of PAC)	14702
10.	ചെക്ക് മെഷർ ചെയ്ത ചാർജ്ജ് (1%of PAC)	4901
9.	ആകെ റിക്കവറീസ്	38032
10.	കോൺട്രാക്ടർക്ക് നൽകാവുന്നത് (ക്രമ നം.5-ക്രമ നം.9)	437691
11.	കോൺട്രാക്ടർക്ക് നൽകിയത്	456120
12.	അധികമായി നൽകിയത്	18429

അധികമായി ചെലവഴിച്ച തുക (18429/-) ഓഡിറ്റിൽ നിരാകരിക്കുന്നു. നഷ്ടം കരാറുകാരനിൽ നിന്ന് ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ തിരികെ ഒടുക്കാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥയായ മെഡിക്കൽ ഓഫീസറുടെ(സി.എച്ച്.സി) ബാദ്ധ്യതയായിരിക്കുന്നതാണ്.

1-21 പദ്ധതി നിർവ്വഹണത്തിന് വാഹനവാടക- സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി അധികം തുക ചെലവഴിച്ചു

പ്രൊജക്റ്റ് നം &പേര്	82/2021പദ്ധതി നിർവ്വഹണത്തിന് വാഹനവാടക
അടങ്കൽ	280000/-(വികസനഫണ്ട്)
ചെലവ്	248518/-(bill No 16/11-8-20, 21/18-9-20, 25/16-1-21, 26/16-1-21, 27/16-1-21, 29/16-1-21, 34/17-2-21, 40/29-3-21, 41/29-3-21)
കരാറുകാരൻ	തോമസ് ജോസഫ്

സ്വന്തമായ വാഹനം ഇല്ലാത്ത ബ്ലോക്ക് പഞ്ചായത്ത് അസി.എക്സി.എഞ്ചിനീയറുടെ കാര്യാലയത്തിലേക്ക് വാഹനം വാടകയ്ക്ക് എടുക്കുന്നതിനായി തയ്യാറാക്കിയ പ്രൊജക്ടായിരുന്നു ഇത്. ക്വട്ടേഷൻ ക്ഷണിച്ച് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത (26000/- For 1500KM/month)യാൾക്ക് കരാർ ഉറപ്പിച്ചുനൽകുകയും 7/2020 മുതൽ 3/2021 വരെയുള്ള കാലയളവിലേക്ക് 248518/- രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിക്കുകയും ചെയ്തിരുന്നു. പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.

1. സ.ഉ(സാധാ)2493/2012/തസ്വഭവയ തീയതി 3-9-2012 പ്രകാരം വാഹനം വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്നതിന് തനത് ഫണ്ടിൽ നിന്നും പ്രതിവർഷം ചെലവഴിക്കാവുന്ന തുക 75000/-രൂപയാണ്. ഇവിടെ വികസനഫണ്ടിൽ നിന്നും 248518/-രൂപ ചെലവഴിക്കുകയുകയാണ് ഉണ്ടായത്. വികസനഫണ്ടിൽ

നിന്ന് അധിക തുക ചെലവഴിച്ചതിന് സർക്കാർ അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15(1)/28.04.22ന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല.

2. 7/2021 മുതൽ 3/2021 വരെയുള്ള കാലയളവിൽ വാഹനം ഓടിയതിന്റെ ട്രിപ് ഷീറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവിൽ അധികരിച്ച് തുക ചെലവഴിച്ചതിന് സർക്കാർ അംഗീകാരം വാങ്ങി അറിയിക്കേണ്ടതാണ്.

1-22 വനിതാക്യാന്റീൻ നിർമ്മാണം-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

ബ്ലോക്ക് പഞ്ചായത്ത് കോംബൗണ്ടിൽ വനിത സ്വാശ്രയസംഘങ്ങളെ സ്വയം പര്യാപ്തമാക്കുന്നതിനും അവർക്ക് തൊഴിൽ പരിശീലനം നൽകുന്നതിനും വേണ്ടി വനിതക്യാന്റീൻ നിർമ്മിക്കുന്നതിനായി 2018-19 വർഷത്തെ വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി പ്രൊജക്റ്റ് തയ്യാറാക്കിയിരുന്നു. രണ്ടുഘട്ടങ്ങളിലായാണ് പ്രൊജക്റ്റ് നടപ്പാക്കിയത്. ആദ്യഘട്ടത്തിൽ കെട്ടിടത്തിന്റെ സ്ട്രക്ച്ചർ മാത്രമാണ് എസ്റ്റിമേറ്റിലുൾപ്പെടുത്തിയിരുന്നത്. രണ്ടാംഘട്ടത്തിൽ മറ്റ് പൂർത്തീകരണപ്രവർത്തികൾ ചെയ്തിട്ടുണ്ട്. 2020-21വർഷം പ്രസ്തുത കെട്ടിടത്തിന്റെ ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

	പ്രൊജക്റ്റ് നം 122/21 വനിതക്യാന്റീൻ നിർമ്മാണം -ഒന്നാംഘട്ടം	പ്രൊജക്റ്റ് നം 158/21 വനിതക്യാന്റീൻ പൂർത്തീകരണം - രണ്ടാംഘട്ടം
അടങ്കൽ	756243(വികസനഫണ്ട് പൊതുവിഭാഗം)	1050000(വികസനഫണ്ട് പൊതുവിഭാഗം)
ചെലവ്	704063(ബിൽ നം11/21-5-20, 33/17-2-21)	359872 (ബിൽനം43/29-3-21)
കരാറുകാരൻ	ഷാജു ജോസഫ്	എ എസ് ജോസഫ്

2018-19 മുതൽ നാളിതുവരെ പ്രസ്തുത കെട്ടിടത്തിനായി 21,08,930/-രൂപ ചെലവഴിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് കോംബൗണ്ടിൽ ഓഫീസ് കെട്ടിടത്തിന്റെ പുറക് വശത്തായാണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിരുന്നുവെങ്കിലും ക്യാന്റീൻ പ്രവർത്തനം ആരംഭിച്ച് ഉദ്ദേശലക്ഷ്യം കൈവരിച്ചിട്ടില്ല. ക്യാന്റീൻ പ്രവർത്തനക്ഷമമാകാത്ത സാഹചര്യത്തിൽ 2021 വർഷം രണ്ടു

പ്രോജക്ടുകളിലായി ചെലവഴിച്ച 1063935/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി തയ്യാറാക്കിയ പ്രോജക്ടായതിനാൽ വനിതാക്യാന്റീൻ ആരംഭിക്കുകയോ അല്ലാത്തപക്ഷം വനിത സ്വാശ്രയസംഘങ്ങളെ സ്വയം പര്യാപ്തമാക്കുന്നതിനുതകുന്ന മറ്റ് പ്രവർത്തനങ്ങളെന്തെങ്കിലും ആരംഭിച്ച് കെട്ടിടം പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-23 ബ്ലോക്ക് പഞ്ചായത്തിന് ആർആർഎഫ്-മാലിന്യസംസ്കരണത്തിന് ഫലപ്രദസംവിധാനങ്ങളില്ല

പ്രൊജക്റ്റ് നം &പേര്	65/2021ബ്ലോക്ക് പഞ്ചായത്തിന് ആർആർഎഫ്
അടങ്കൽ	800000/-(വികസനഫണ്ട്)
ചെലവ്	491516/-(ബിൽ നം38/25-3-21)
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ

ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള ഗ്രാമപഞ്ചായത്തുകളിലെ എംസിഎഫുകളിൽ നിന്നും ഹരിതകർമ്മസേനയുടെ സഹായത്തോടെ മാലിന്യം ശേഖരിച്ച് സൂക്ഷിക്കുക എന്ന ഉദ്ദേശത്തോടെ ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയ പ്രൊജക്ടായിരുന്ന ആർആർഎഫ് (റിസോഴ്സ് റിക്കവറി സെന്റർ) നിർമ്മാണം. കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിരുന്നുവെങ്കിലും മാലിന്യശേഖരണം ഫലപ്രദമായി നടപ്പാക്കുവാൻ നടപടി സ്വീകരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തുകളെ സംയോജിപ്പിച്ച് കൊണ്ട് മാലിന്യം കളക്ട് ചെയ്ത് ക്ലീൻകേരളകമ്പനിയ്ക്ക് കൈമാറുക എന്ന ഉദ്ദേശത്തോടെ ബ്ലോക്ക് പഞ്ചായത്തുകളിൽ ആർആർഎഫുകൾ സ്ഥാപിക്കാൻ സർക്കാർ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ നിലവിൽ ബ്ലോക്ക് പഞ്ചായത്തിൽ ആർആർഎഫ് പ്രവർത്തനമൊന്നുമില്ലാതെ സ്ഥിതിചെയ്യുന്നു. ഗ്രാമപഞ്ചായത്തുകളുടെ യോഗം വിളിച്ച് ചേർത്ത് ഹരിതകർമ്മസേനയുടെ പ്രവർത്തനം കൂടി ബ്ലോക്ക് തലത്തിൽ ലഭ്യമാക്കി മാലിന്യസംസ്കരണം ഫലപ്രദമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-24 എസ്റ്റിമേറ്റിൽ 100%അധികം വ്യതിയാനം -കരാർ റദ്ദുചെയ്ത് റീടെൻഡർ നടപടികൾ സ്വീകരിച്ചില്ല

പ്രൊജക്റ്റ് നം &പേര്	128/2021ബാലസൗഹൃദ ബ്ലോക്ക് പഞ്ചായത്ത്- കുട്ടികളുടെ പാർക്ക്
അടങ്കൽ	415000/-(CFC)
ചെലവ്	408854/-(Bill No 19/20-8-20
കരാറുകാരൻ	സിബിച്ചൻ ആന്റണി

ബ്ലോക്ക് പഞ്ചായത്ത് കോംബൗണ്ടിൽ കുട്ടികളുടെ പാർക്കിന് ഉദ്ദേശിച്ചിരുന്ന സ്ഥലത്ത് 45cmഉയരത്തിൽ ഗാർഡൻ വാൾ നിർമ്മിക്കുക, ഇന്റർലോക്ക് ടൈൽ, നടപ്പാത എന്നിവ നിർമ്മിക്കുക എന്നീ ഉദ്ദേശത്തോടെ 1,69000/- രൂപ വകയിരുത്തുകയും സ്ലൈഡർ, സീസോ, മെറിഗോറൗണ്ട് എന്നിവ സ്ഥാപിക്കുന്നതിനായി 200000/-രൂപ വകയിരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിരുന്നു. കളിയുപകരണങ്ങൾ ഒഴികെയുള്ള നിർമ്മാണപ്രവർത്തനങ്ങൾക്കായി ടെൻഡർ ക്ഷണിക്കുകയും 1,69000/-രൂപയുടെ എസ്റ്റിമേറ്റ് റേറ്റിൽ ശ്രീ സിബിച്ചൻ ആന്റണിയ്ക്ക് കരാർ ഉറപ്പിക്കുകയും 22-2-20ൽ സൈറ്റ് കൈമാറി നൽകുകയും ചെയ്തിരുന്നു. എന്നാൽ 29-7-20 ലെ കമ്മറ്റി എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ കളിയുപകരണങ്ങളുടെ വാങ്ങൽ ഒഴിവാക്കി മരങ്ങൾക്ക് RRmasoneryഉപയോഗിച്ച് സംരക്ഷണഭിത്തി നിർമ്മാണത്തിനായുള്ള 370408/- രൂപയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തിരുന്നു.

നിർമ്മാണപ്രവർത്തനങ്ങളിൽ 100ശതമാനത്തിലേറെ വ്യതിയാനം വരുത്തിയിട്ടും ആദ്യകരാർ റദ്ദുചെയ്ത് വീണ്ടും ടെൻഡർ നടപടികൾ സ്വീകരിക്കുകയുണ്ടായില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 15(3) മറുപടിയായി ആദ്യ ടെൻഡറിലും റീടെൻഡർ, ക്വട്ടേഷൻ എന്നിവയിൽ പ്രതികരണമൊന്നും ലഭിക്കാതിരുന്നതിനാലാണ് റീ ക്വട്ടേഷൻ വഴി കരാറുകാരനെ കണ്ടെത്തിയത് എന്ന് അറിയിച്ചു. എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് നിർമ്മാണ പ്രവർത്തിയുടെ അളവ് കൂട്ടുന്ന സാഹചര്യത്തിൽ ടെൻഡർ നടപടികളിൽ കൂടുതൽ ആൾക്കാർ പങ്കെടുക്കുന്ന സാഹചര്യമുണ്ടാകുമായിരുന്നുവെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഈ രീതിയിൽ എസ്റ്റിമേറ്റിൽ 100%ൽ അധികം വ്യത്യാസം വരുന്ന സാഹചര്യത്തിൽ കരാർ റദ്ദ്ചെയ്ത് ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടിയിരുന്നു. അസി. എഞ്ചിനീയറുടെ നടപടിക്രമങ്ങളിൽ അപാകത സംഭവിച്ചിട്ടുണ്ട്. ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖപ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾ കുറഞ്ഞത് 5ലക്ഷം രൂപ അടങ്കലുള്ള പ്രൊജക്ടുകളെ ഏറ്റെടുക്കാൻ പാടുള്ളൂവെന്ന് നിഷ്കർഷിച്ചിരുന്നു. കുറഞ്ഞ അടങ്കൽ തുകയിൽ പ്രൊജക്റ്റ് തയ്യാറാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-25 കൃത്യമായ സ്ഥലപരിശോധന നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയില്ല- സൈറ്റിൽ ലഭ്യമാകുന്ന കല്ലുകൾ ഉപയോഗിച്ച് സംരക്ഷണഭിത്തി നിർമ്മാണം നടപ്പാക്കിയില്ല

പ്രൊജക്റ്റ് നം &പേര്	57/2021 മുതലപ്ര ചേന്നമറ്റം റോഡ് കോൺക്രീറ്റിങ്ങ്
അടങ്കൽ	500000/-(SCP)
ചെലവ്	411441/-(ബിൽനം32/07-02-21)
കരാറുകാരൻ	ബിജോയ് കുര്യൻ

മേൽ പ്രൊജക്റ്റ് പ്രകാരം 88m നീളത്തിൽ റോഡ് കോൺക്രീറ്റിങ്ങ് ചെയ്യുന്നതിനും 60mനീളത്തിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. DR Masonery ഉപയോഗിച്ചുള്ള റോഡിന്റെ സംരക്ഷണഭിത്തി നിർമ്മാണം പൂർത്തീകരിച്ച ശേഷം സമീപവാസികൾ മുൻപ് പാകിയിരുന്ന കരിങ്കല്ല് ഇളക്കിമാറ്റി കൂട്ടിയിടുകയുണ്ടായി. സംരക്ഷണഭിത്തി നിർമ്മാണം പൂർത്തീകരിച്ചതിനാൽ ഇളക്കിമാറ്റിയ കല്ല് ടി പ്രവർത്തിയിൽ ഉപയോഗിക്കാൻ സാധിച്ചില്ലായെന്നും ടി കരിങ്കല്ലിന്റെ സർവേ റിപ്പോർട്ട് പ്രകാരം 11698/-മൂല്യമുള്ള കരിങ്കല്ലാണ് ഉള്ളതെന്നും അസി.എഞ്ചിനീയർ അറിയിച്ചിരുന്നു. പ്രസ്തുത വിഷയത്തിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

1. സ്ഥലപരിശോധന യഥാവിധി നടത്താതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്ന് കാണുന്നു. സൈറ്റിൽ നിലവിലുള്ള കൽക്കെട്ട് പൊളിച്ച് മാറ്റി ടി കല്ലുകൾ ഉപയോഗിച്ച് സംരക്ഷണഭിത്തി നിർമ്മാണം നടത്തിയിരുന്നെങ്കിൽ പുതിയ കരിങ്കല്ല് ഉപയോഗിച്ചുള്ള നിർമ്മാണത്തിനെക്കാൾ വളരെയധികം ചെലവ് കുറയുമായിരുന്നു. എംബുക്ക് നം 22/20-21 പേജ് 4,6എന്നിവ പ്രകാരം 33.194m3 പുതിയ കരിങ്കല്ല് ഉപയോഗിച്ചതിൽ പൊളിച്ച് മാറ്റിയ 22.540m3 ഉപയോഗിച്ചിരുന്നുവെങ്കിൽ ചെലവ് ഗണ്യമായി കുറവ് വരുമായിരുന്നു. പ്രസ്തുത വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം11)മറുപടിയായി സംരക്ഷണഭിത്തി നിർമ്മാണത്തിന് ശേഷം റോഡിൽ പാകിയിരുന്ന കരിങ്കല്ലാണ് സമീപവാസികൾ ഇളക്കിമാറ്റിയതെന്നും ആയതിനാലാണ് ടി കല്ലുകൾ ഉപയോഗിക്കാൻ സാധിക്കാതിരുന്നത് എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ റോഡ് കോൺക്രീറ്റിങ്ങിന് തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ഈ രീതിയിൽ കരിങ്കൽ പ്രതലത്തിനുമുകളിലാണ് കോൺക്രീറ്റ് നടത്തുന്നത് എന്ന് രേഖപ്പെടുത്തിയിട്ടില്ല. ഇതിൽ നിന്ന് കൃത്യമായ സ്ഥലപരിശോധന നടത്തിയല്ല എസ്റ്റിമേറ്റ് തയ്യാറാക്കിയത് എന്ന് വ്യക്തമാകുന്നു. ആയതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല. കൂടാതെ കേടുപാടുകളില്ലായെങ്കിൽ കല്ലുകൾ ഇളക്കിമാറ്റിയവർക്കെതിരെ നിയമനടപടി സ്വീകരിക്കേണ്ടിയുമിരുന്നു. ഈ രീതിയിൽ കൃത്യമായ സ്ഥലപരിശോധന കൂടാതെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും നടപ്പാക്കുകയും വഴി സർക്കാർ ഫണ്ട് അധികമായി ചെലവഴിച്ച സാഹചര്യമുണ്ടായിട്ടുണ്ട്.

2. 22-1-21ലെ അസി.എഞ്ചിനീയറുടെ വാല്യുവേഷൻ പ്രകാരം കരിങ്കല്ലിന് ബുക്ക് വാല്യുവായm3ന് 865/-രൂപ

യുടെ 75% വും ക്വാണ്ടിറ്റിയുടെ 80% വും കണക്കിലെടുത്താണ് വാല്യുവേഷൻ കണക്കാക്കിയത്. ഈരീതിൽ കരിങ്കല്ലിന് ബുക്ക് വാല്യുവിലും ക്വാണ്ടിറ്റിയിലും കുറവ് വരുത്തേണ്ടസാഹചര്യം ആരാഞ്ഞതിന് മറുപടിയായി റോഡിൽ പാകിയിരുന്ന കരിങ്കല്ലുകൾക്കിടയിൽ വോയിഡ്സ് ഉള്ളതിനാൽ യഥാർത്ഥ ക്വാണ്ടിറ്റി കണക്കാക്കാൻ സാധിച്ചിരുന്നില്ലായെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. കരിങ്കല്ല് പൊളിച്ചുമാറ്റിയതിന് ശേഷമാണ് വാല്യുവേഷൻ തയ്യാറാക്കിയത്. കരിങ്കല്ലായതിനാൽ മൂല്യശോഷണം സംഭവിക്കാനുള്ള സാദ്ധ്യത വിരളമായിരിക്കെ ബുക്ക് വാല്യുവിൽ തന്നെ അസസ്സ് ചെയ്ത് മൂല്യനിർണയം നടത്താവുന്നതാണ്. പൊളിച്ച് മാറ്റിയ 22.540m3 കരിങ്കല്ലിന്റെ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിരുന്നുവെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന് മറുപടിയായി കല്ലുകൾ 22-01-2021 ലെ കത്ത് പ്രകാരം മാടപ്പള്ളി ഗ്രാമപഞ്ചായത്തിന് കൈമാറിയതായി അറിയിച്ചിട്ടുണ്ട്. കല്ലുകൾ നഷ്ടപ്പെടാതെ ലേലനടപടികൾ സ്വീകരിച്ചുവെന്ന് ഉറപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-26 വർക്കേഴ്സ് വെൽഫെയർ ഫണ്ടിൽ നിന്നും 1% തുക സർവീസ് ചാർജ് ഈടാക്കിയിട്ടില്ല

കേരള ബിൽഡിങ്ങ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് ആക്റ്റ് 1996 ആക്റ്റ് 28 സെക്ഷൻ 3(3) പ്രകാരം കേരളാ വർക്കേഴ്സ് വെൽഫെയർഫണ്ടിനായി ഈടാക്കുന്ന തുകയിൽ നിന്നും 1% സർവീസ് ചാർജായി തദ്ദേശസ്വയംഭരണസ്ഥാപനത്തിന് ഈടാക്കാവുന്നതാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ 2019-20,2020-21വർഷങ്ങളിൽ വർക്ക് ബില്ലുകളിൽ നിന്നും പ്രസ്തുത സർവീസ് ചാർജ് ഈടാക്കിയിരുന്നില്ലായെന്ന് കാണുന്നു. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 8) മറുപടിയായി തുടർന്നുള്ള ബില്ലുകളിൽ നിന്നും തുക ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. വർക്ക് ബില്ലുകളിൽ നിന്നും കേരളാ വർക്കേഴ്സ് വെൽഫെയർഫണ്ടിനായി ഈടാക്കുന്ന തുകയിൽ നിന്നും 1% സർവീസ് ചാർജായി ഈടാക്കി തനത്ഫണ്ടിലൊടുക്കേണ്ടതാണ്.

1-27 DR പാക്കിങ്ങിനുമുകളിൽ കോൺക്രീറ്റിങ്ങ് -ക്രമപ്രകാരമല്ല

തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറുടെ 16-10-12 ലെ ഡിബി4-7462/2012/സിഇ നമ്പർ കത്ത് പ്രകാരം റോഡ് പ്രവൃത്തികൾ ഐ.ആർ.സി സ്പെസിഫിക്കേഷൻ പ്രകാരമാകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.ഡ്രൈ റബ്ൾ പാക്ക് ചെയ്ത് അതിന്റെ മുകളിൽ സിമിന്റ് കോൺക്രീറ്റ് റോഡ് ഉണ്ടാക്കുന്ന പ്രവണത ഐ.ആർ.സി സ്പെസിഫിക്കേഷന് വിരുദ്ധവും ടി പ്രവൃത്തിയിൽ വോയിഡ്സ് ഒഴിവാക്കി നല്ലതുപോലെ പായ്ക്ക് ചെയ്യുന്നത് പലപ്പോഴും ബുദ്ധിമുട്ടാണെന്നതിനാൽ വാഹനങ്ങൾ കയറി പോകുമ്പോൾ പാക്കിംഗ് ഇളകാനും തന്മൂലം അതിന് മുകളിൽ ചെയ്തിട്ടുള്ള കോൺക്രീറ്റ് പൊട്ടിപോകുന്നതിനും ഇടയാകുന്നു. ആയതിനാൽ റോഡ് പ്രവൃത്തികൾക്ക്ഐ.ആർ.സി സ്പെസിഫിക്കേഷൻ പാലിക്കേണ്ടതും ഐ.ആർ.സി സ്പെസിഫിക്കേഷനിൽ ഉൾപ്പെടാത്ത ഡി.ആർ.പായ്ക്കിംഗ് റോഡ് പ്രവൃത്തികളിൽ നിന്നും ഒഴിവാക്കേണ്ടതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ആയതിനു വിരുദ്ധമായി പഞ്ചായത്തിൽ താഴെ പറയുന്ന പ്രവൃത്തി നടപ്പാക്കിയിട്ടുണ്ട്.

പ്രൊജക്റ്റ് നം &പേര്	134/21 ഏഴോലിക്കൽ സെറ്റിൽമെന്റ് കോളനി റോഡ്(കോൺക്രീറ്റിംഗ്)
അടങ്കൽ	535000/-(SCP)
ചെലവ്	529085/-(ബിൽനം20 /26-08-20)
കരാറുകാരൻ	A Sജോസഫ്

മാടപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ വാർഡ് 14 ലെ കോളനിയിൽ നിന്നും വെങ്കോട്ട-മാമ്മൂട് പിഡബ്ല്യുഡി റോഡിലേക്കുള്ള ഏക പ്രവേശനമാർഗമായ പ്രസ്തുത റോഡിലെ നിലവിലുള്ള DR പാക്കിങ്ങിന് മുകളിൽ Wearing Coat ആയി 20mm Broken Stone ഉപയോഗിച്ചുള്ള സിമെന്റ് കോൺക്രീറ്റ് നടത്തിയിട്ടുണ്ട്. എംബുക്ക്

നം 12/19-20 പ്രകാരം 10cm കനത്തിൽ 63. 171m3 സിമെന്റ് കോൺക്രീറ്റിങ്ങ് നടത്തിയിട്ടുണ്ട്.

.P:C:C 1:2:4 Using 20mm Broken Stone For Wearing Coat:=63.171m3 @7478.07/m3=472397.16

.ടി പ്രവർത്തി നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം10) മറുപടിയായി നിലവിലുള്ള റബിൾപാക്കിങ്ങിന് മുകളിൽ കോൺക്രീറ്റ് ചെയ്യുക മാത്രമാണ് ചെയ്തതെന്നും റോഡ് നല്ല രീതിയിൽ കേടുപാടുകളില്ലാതെ നിലനിൽക്കുന്നുണ്ടെന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. റബിൾ പാക്കിംഗ് ചെയ്തിട്ടുള്ള ടി റോഡിൽ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറുടെ നിർദ്ദേശത്തിന് വിരുദ്ധമായി കോൺക്രീറ്റിംഗ് ചെയ്തത് ക്രമപ്രകാരമല്ല ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-28 പാടശേഖരസമിതികൾക്ക് പെട്ടി, പറ, മോട്ടോർ അനുബന്ധ ഉപകരണങ്ങൾ കരാർ രേഖകൾ ഫയലിൽ ലഭ്യമല്ല.

കൃഷി അസി. ഡയറക്ടർ 2020-21 ൽ നിർവഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ടുകളിൽ വിവിധ പാടശേഖരസമിതികൾക്ക് പെട്ടി, പറ, മോട്ടോർ അനുബന്ധ ഉപകരണങ്ങൾ എന്നിവ കൈമാറിയെങ്കിലും വിവിധ പാടശേഖര സമിതിയുടെ കൈപ്പറ്റ്, കരാർ എന്നിവ ഫയലിൽ ലഭ്യമല്ല.

ക്രമ നം.	പ്രോജ. നം., പേര്	ചെലവ്/ ബിൽ നം.	പാടശേഖര സമിതിയും കൈപ്പറ്റിയ ഉപകരണങ്ങളും	അപാകത
1.	പ്രോജ. നം.53/2020-21, പാടശേഖര സമിതിയ്ക്ക് പെട്ടി, പറ	1778600 (വി.ഫ) 6,7,8,9/ 22.4.2020 11/17.8.2020 12,13,14,17/ 25.1.21	അയ്യംപടവ് - 15എച്ച്.പി മോട്ടോർ കാവുനട - 15എച്ച്.പി മോട്ടോർ തുണ്ടിയിൽ കടവ് - 20 എച്ച്.പി മോട്ടോർ	നിശ്ചിത മൂല്യമുള്ള മുദ്രപ്പത്രത്തിൽ കരാർ വെയ്ക്കുന്നതിനു പകരം വെള്ള പേപ്പറിലാണ് കരാർ വെച്ചിട്ടുള്ളത്.
			ഈരത്ര - ഇഞ്ചൻ തുരുത്ത് - 30 എച്ച്.പി മോട്ടോർ പാറയിൽക്കടവ് - 20 എച്ച്. പി പെട്ടി, പറ, 20 എച്ച്.പി മോട്ടോർ കടമ്പാടം ചേരിക്കലകം - 20 എച്ച്. പി പെട്ടി, പറ	കരാർ വെച്ചിട്ടില്ല
2.	52/2020-21, പായിപ്പാട്, വാകത്താനം പാട ശേഖരങ്ങൾക്ക് പെട്ടി, പറ	1110000 (വി.ഫ) 10/17.8.2020, 15/25.1.2021	കൊപ്പനംപുറം - 15എച്ച്.പി മോട്ടോർ ഊത്തക്കാട് - 15എച്ച്.പി മോട്ടോർ പൂവം തൊള്ളായിരം-15എച്ച്.പി മോട്ടോർ തേവർകരി-15എച്ച്.പി മോട്ടോർ	കരാർ വെച്ചിട്ടില്ല

കൂടാതെ ടി പ്രോജക്ടിൽ പെട്ടി, പറ, മോട്ടോർ അനുബന്ധ ഉപകരണങ്ങൾ എന്നിവ കൈപ്പറ്റിയ വിവിധ പാടശേഖര സമിതികളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം വാങ്ങി ലഭ്യമാക്കിയിട്ടില്ല. അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.2/25.4.2022) വിവിധ കൃഷി ഓഫീസുകളിൽ നിന്നും വിനിയോഗ രേഖകൾ ഹാജരാക്കാൻ അറിയിച്ചിട്ടുണ്ടെന്ന് മറുപടി ലഭിച്ചു. തുക ലഭിച്ചിട്ടുള്ള വിവിധ കൃഷി ഓഫീസുകളിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും നിശ്ചിത മൂല്യമുള്ള മുദ്രപ്പത്രത്തിൽ കരാർ ചമച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-29 നെൽകൃഷിയ്ക്ക് കൂലിച്ചെലവ് സബ്സിഡി - വിള ഇൻഷുറൻസ് ,കൃഷി ഭൂമി സംബന്ധമായ രേഖകൾ ഫയലിൽ ലഭ്യമല്ല

പ്രോജ. നം.111/2020-21, നെൽകൃഷിയ്ക്ക് കൂലിച്ചെലവ് സബ്സിഡി(സ്പിൽ ഓവർ)

ചെലവ് - 1895800 (വി.ഫ)

ബിൽ നം.20, 21, 22, 23, 24/11.4.2020

കൃഷി അസി. ഡയറക്ടർ നിർവഹണം നടത്തിയ ടി പ്രോജക്ടിൽ വിള ഇൻഷ്വറൻസ് രേഖകൾ കർഷകർ മുൻകൂറായി അടയ്ക്കണമെന്ന് സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്നുണ്ടെങ്കിലും ടി രേഖകൾ ഫയലിൽ ലഭ്യമല്ല. ഗുണഭോക്താക്കൾ കൃഷി ചെയ്യുന്ന കൃഷിഭൂമിയുടെ കരം ഒടുക്കിയ രേഖകൾ, സർവെ നമ്പർ, പാട്ടത്തിനെടുത്തതാണെങ്കിൽ ടി രേഖകൾ, വിസ്തീർണ്ണം തുടങ്ങിയ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഉദാഹരണമായി ബിൽ നം. 1/19.2.2021 (തുക – 472095) ന്റെ ഭാഗമായി ഒരേ വീട്ടിൽപ്പെട്ട വിവിധ വ്യക്തികൾക്ക് 490 സെന്റ് പാടത്തിന് 19110/- രൂപ വീതം ആകെ 95550/- രൂപ (19110*5) അനുവദിച്ചിട്ടുണ്ട്. വ്യത്യസ്ഥ സർവെ നമ്പർ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കരം ഒടുക്കിയ രേഖകളുടെ അഭാവത്തിൽ ടി വ്യക്തികൾ 490 സെന്റ് വിസ്തീർണ്ണമുള്ള വ്യത്യസ്ഥ ഭൂമിയിലോണോ കൃഷി ചെയ്യുത് എന്ന് ഉറപ്പാക്കാനായിട്ടില്ല. അപാകത ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. കൃഷി ഭൂമി സംബന്ധിച്ച കരംഒടുക്ക് രേഖകൾ ഹാജരാക്കുന്നതുവരെ മേൽ പ്രോജക്ടിനായുള്ള 95550/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-30 സി ഡി പി ഒ ഓഫീസിൽ കമ്പ്യൂട്ടറും അനുബന്ധഉപകരണങ്ങളും വാങ്ങൽ -അപാകത

2020- 21 വർഷം സി ഡി പി ഒ നിർവഹണം നടത്തിയ സി ഡി പി ഒ ഓഫീസിൽ കമ്പ്യൂട്ടറും അനുബന്ധഉപകരണങ്ങളും വാങ്ങൽ എന്ന പ്രോജക്ട് (നം.90/21)പ്രകാരം രണ്ട് ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് കെൽട്രോണിന് പ്രഫോർമ ഇൻവോയിസ് പ്രകാരം 90814/- രൂപ (ബിൽ നമ്പർ -1/20-21) നൽകി. എന്നാൽ കമ്പ്യൂട്ടറുകൾ ലഭിച്ചതിന്റെ ടാക്സ് ഇൻവോയിസ് പ്രകാരം (നം .2293198080 / 4.3.2022) 82305 /- രൂപയാണ് രണ്ട് ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകളുടെ വില. ടാക്സ് ഇൻവോയിസ് പ്രകാരമുള്ള തുകയിൽ അധികമായി നൽകിയ തുക ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി (നം. 12)യുടെ മറുപടിയിൽ അധികമായി നൽകിയ 8509 /- രൂപ (90814-82305) തിരികെ അടയ്ക്കുന്നതിന് കെൽട്രോണിന് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. തുക തിരികെ ലഭിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-31 എസ് സി ഡി ഒ ഓഫീസിലേക്ക് ക്മപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ -അപാകത

2020-21 വർഷം പട്ടികജാതി വികസനഓഫീസർ നിർവഹണം നടത്തിയ എസ് സി ഡി ഒ ഓഫീസിലേക്ക് കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രൊജക്ട് (പ്രെജക്ട് നം. -91 /20)പ്രകാരം രണ്ട് ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾക്ക് 80938/- രൂപ (ബിൽ നമ്പർ -30/25.2.2021)യും ഫോട്ടോകോപ്പിയർ മെഷീന് 45442/- രൂപ (ബിൽ നമ്പർ -36/12.3.21)യും കെൽട്രോണിന് നൽകി. എന്നാൽ ഉപകരണങ്ങൾ ലഭിച്ചതിന്റെ ടാക്സ് ഇൻവോയിസ് പ്രകാരം രണ്ട് ഡെസ്ക് ടോപ്പിന്റെ വില 76532/- രൂപയും ഫോട്ടോകോപ്പിയറിന്റെ വില 43324/- രൂപയുമാണ്. ടാക്സ് ഇൻവോയിസ് പ്രകാരമുള്ള തുകയിൽ അധികമായി നൽകിയ തുക ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.14) മറുപടിയിൽ തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തുടർ നടപടി സ്വീകരിച്ച് അധികമായി നൽകിയ തുകയായ 6524/- രൂപ ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-32 ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ടുകൾ - വിനിയോഗ രേഖകളും ചെലവ് രേഖകളും ഹാജരാക്കിയില്ല

ഡയറി എക്സ്റ്റൻഷൻ ഓഫീസർ 2020-21 ൽ നിർവഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ടുകളിൽ വിവിധ പഞ്ചായത്തുകളിൽ ക്ഷീര കർഷകർക്ക് കാലിത്തീറ്റ സബിസിഡി നൽകുന്നതിനായി നിർവഹണ ഉദ്യോഗസ്ഥർക്ക് തുക കൈമാറിയിട്ടുണ്ടെങ്കിലും ബിൽ റിക്വിസിഷൻ, വിനിയോഗ സാക്ഷ്യപത്രം, മറ്റ് ചെലവ് രേഖകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജ. നം., പേര്	ചെലവ്	ബിൽ നമ്പർ
1.	പ്രോജ. നം.41/2020-21, ക്ഷീര കർഷകർക്ക് കാലിത്തീറ്റ സബ്സിഡി	998850 (വി.ഫ)	167/25.1.2021 249, 250/27.3.2021 259, 260/29.3.2021
2.	പ്രോജ. നം.42/2020-21, ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി	999999 (വി.ഫ)	147/12.1.2021 158/20.1.2021 173/28.1.2021 211, 251/27.3.2021 261/29.3.2021

ടി തുക ഏതെല്ലാം പഞ്ചായത്തുകളിലെ നിർവഹണ ഉദ്യോഗസ്ഥർക്കാണ് കൈമാറിയെന്ന് രേഖപ്പെടുത്തിയിട്ടില്ല. ചെലവ് രേഖകളുടേയും വിനിയോഗ സാക്ഷ്യപത്രത്തിന്റേയും അഭാവത്തിൽ മേൽ പ്രോജക്ടുകൾക്കായുള്ള 1998849/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 സി.എച്ച്.സി യ്ക്ക് സി.സി ക്യാമറ സ്ഥാപിക്കൽ - കരാറുകാരന് അധിക തുക നൽകി

പ്രോജ. നം.168/21	വാകത്താനം സി.എച്ച്.സി യ്ക്ക് സി.സി ക്യാമറ സ്ഥാപിക്കൽ
അടങ്കൽ	120000(നോൺ റോഡ്)
ബിൽ നം. ചെലവ്	18/26.1.2021, 28/27.3.2021 = 117493/- (നോൺ റോഡ്)
എം. ബുക്ക് നം.	2/2020-21

മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ ടി പ്രോജക്ടിൽ 120000/- രൂപ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ടെൻഡർ ക്ഷണിച്ചതിൽ 2 പേർ പങ്കെടുക്കുകയും കുറവ് തുക ക്വോട്ട് ചെയ്ത (112885/-)ആവലോൺ സിസ്റ്റംസിന് കരാർ നൽകുകയും ചെയ്തു. (PAC-112885/-) പ്രവൃത്തിയുടെ മൂല്യം കണക്കാക്കി പെയ്മെന്റ് നൽകിയതിൽ അധികമായി കരാറുകാരന് തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഇനം	നൽകാവുന്ന തുക
1.	ചെയ്ത പ്രവൃത്തിയുടെ മൂല്യം (Value Of	110455

	Work Done)	(M-Book പേജ്.4)
2.	എസ്റ്റിമേറ്റ് തയ്യാറാക്കിയ ചാർജ്ജ് 3%of PAC	3387
3.	ചെക്ക് മെഷർ ചെയ്ത ചാർജ്ജ് 1%of PAC	1129
4.	ആകെ(ക്രമ നം.1+2+3)	114971
	മറ്റ് റിക്കവറീസ്	
5.	ക്ഷേമനിധി വിഹിതം (1% Of Work Done)	1105
6.	ഇൻകം ടാക്സ് (1% Of Work Done)	1105
7.	എസ്റ്റിമേറ്റ് തയ്യാറാക്കിയ ചാർജ്ജ് 3%of PAC	3387
8.	ചെക്ക് മെഷർ ചെയ്ത ചാർജ്ജ് 1%of PAC	1129
9.	ആകെ റിക്കവറീസ്(ക്രമ നം.5+6+7+8)	6726
10.	കോൺട്രാക്ടർക്ക് നൽകാവുന്നത് (ക്രമ നം.4-ക്രമ നം.9)	108245
11.	കോൺട്രാക്ടർക്ക് നൽകിയത്	112885
12.	അധികമായി നൽകിയത്	4640

അധികമായി ചെലവഴിച്ച തുക (4640/-)ഓഡിറ്റിൽ നിരാകരിക്കുന്നു. നഷ്ടം കരാറുകാരനിൽ നിന്ന് ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ തിരികെ ഒടുക്കാത്ത പക്ഷം നിർവഹണോദ്യോഗസ്ഥയായ മെഡിക്കൽ ഓഫീസറുടെ(സി.എച്ച്.സി) ബാദ്ധ്യതയായിരിക്കുന്നതാണ്.

3-2 വാകത്താനം സി.എച്ച്.സി ഇലക്ട്രിഫിക്കേഷൻ - കരാറുകാരന് അധിക തുക നൽകി

പ്രോജ. നം.167/21	വാകത്താനം സി.എച്ച്.സി ഇലക്ട്രിഫിക്കേഷൻ
അടങ്കൽ	500000(നോൺ റോഡ്)
ബിൽ നം. ചെലവ്	17/18.12.2020
എം. ബുക്ക് നം.	1/2020-21

ടി പ്രോജക്ടിൽ 495000/- രൂപ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ടെൻഡർ ക്ഷണിച്ചതിൽ 2 പേർ പങ്കെടുക്കുകയും എസ്റ്റിമേറ്റിൽ നിന്നും 1% കുറവായി ക്വോട്ട് ചെയ്ത ശ്രീ.ഡിനു ചാക്കോ, 'ബ്ലൂസ്റ്റാർ ഇലക്ട്രിക്കൽസ് 'എന്ന സ്ഥാപനത്തിന് കരാർ നൽകുകയും ചെയ്തു. (PAC-490050/-) പ്രവൃത്തിയുടെ മൂല്യം കണക്കാക്കി പെയ്മെന്റ് നൽകിയതിൽ താഴെപ്പറയുന്ന അപാകത കാണുന്നു.

ക്രമ നം.	ഇനം	നൽകാവുന്ന തുക
1.	ചെയ്ത പ്രവൃത്തിയുടെ മൂല്യം (Value Of Work Done)	460727 (M-Book

		പേജ്.36)
2.	1% കുറച്ചത് (1% Of Value Of Work Done- 4607)	456120
3.	എസ്റ്റിമേറ്റ് തയ്യാറാക്കിയ ചാർജ്ജ് (3%of PAC)	14702
4.	ചെക്ക് മെഷർ ചെയ്ത ചാർജ്ജ് (1%of PAC)	4901
5.	ആകെ (ക്രമ നം.1+2+3+4)	475723
	മറ്റ് റിക്കവറീസ്	
6.	ക്ഷേമനിധി വിഹിതം (1% Of Work Done)	4607
7.	ഇൻകം ടാക്സ് (1% Of Work Done)	4607
8.	ജി.എസ്.റ്റി (2% Of Work Done)	9215
9.	എസ്റ്റിമേറ്റ് തയ്യാറാക്കിയ ചാർജ്ജ് (3%of PAC)	14702
10.	ചെക്ക് മെഷർ ചെയ്ത ചാർജ്ജ് (1%of PAC)	4901
9.	ആകെ റിക്കവറീസ്	38032
10.	കോൺട്രാക്ടർക്ക് നൽകാവുന്നത് (ക്രമ നം.5- ക്രമ നം.9)	437691
11.	കോൺട്രാക്ടർക്ക് നൽകിയത്	456120
12.	അധികമായി നൽകിയത്	18429

അധികമായി ചെലവഴിച്ച തുക (18429/-) ഓഡിറ്റിൽ നിരാകരിക്കുന്നു. നഷ്ടം കരാറുകാരനിൽ നിന്ന് ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ തിരികെ ഒടുക്കാത്ത പക്ഷം നിർവഹണോദ്യാഗസ്ഥയായ മെഡിക്കൽ ഓഫീസറുടെ(സി.എച്ച്.സി) ബാദ്ധ്യതയായിരിക്കുന്നതാണ്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-21 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 18/06/2021-ലെ 1(2) നം. തീരുമാന പ്രകാരം അംഗീകരിച്ച് എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 25/04/2022-ൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2021-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

4-2 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2019-20 വർഷം സംയുക്ത പ്രോജക്ടിനായി ഗ്രാമ പഞ്ചായത്തുകൾ, കോട്ടയം ജില്ലാ പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ നിന്ന് ഫണ്ട് ലഭിച്ചിട്ടില്ല. വാർഷികകണക്കുകളിൽ സംയുക്ത പ്രോജക്റ്റുകൾക്കുള്ള ശീർഷകങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക ഐ.എ.വൈ. പദ്ധതികൾക്കായി ലഭിച്ച തുകകളാണ്.

4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി 2020-21 വർഷം ബ്ലോക്ക് പഞ്ചായത്ത് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. മുൻകൂർ നൽകിയിട്ടുള്ള തുകകളുടെയും ചെലവഴിച്ച് തുകയുടെയും വിശദാംശം പ്രോജക്ട് തിരിച്ച് താഴെ ചേർക്കുന്നു.

ക്രമ-നം.	പ്രവൃത്തിയുടെ പേര്(പ്രോജക്ട് നം.)	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
1.	കൈതമറ്റോം നാൽപതാംകുളം ചെത്തിപ്പുഴ റോഡ് പൈപ്പ് ലൈൻ വലിക്കൽ(93/21)	68,000/-	0	68,000/-
2.	വാകത്താനം ഡിവിഷനിൽ പൈപ്പ് ലൈൻ വലിക്കൽ രണ്ടാം ഘട്ടം(110/21)	920,000/-	0	920,000/-
3	കൈതമറ്റോം നാൽപതാംകുളം ചെത്തിപ്പുഴ റോഡ് പൈപ്പ് ലൈൻ വലിക്കൽ(113/21)	750000/-		750000/-
4	വാഴപ്പള്ളി പഞ്ചായത്തിലെ 14വാർഡുകളിലെ പൈപ്പ് ലൈൻ വലിക്കൽ(114/21)	618000/-		618000/-
5	തുരുത്തി ഡിവിഷനിൽ 1,2,3,4,6,19 വാർഡുകളിൽ പൈപ്പ് ലൈൻ വലിക്കൽ(144/21)	690000/-		690000/-
6	മാടപ്പള്ളി-മാമ്മൂട് ഡിവിഷനിൽ 4,6,8,9,10,12 വാർഡുകളിൽ പൈപ്പ് ലൈൻ വലിക്കൽ(145/21)	500000/-		500000/-

2020-21 വാർഷിക കണക്കുകളിൽ പ്ലാൻ ഫണ്ട് ചെലവുകൾ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഡെപോസിറ്റ് തുക നിശ്ചിത ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.

4-4 മൊബിലൈസേഷൻ അഡ്വാൻസ്

ബ്ലോക്ക് പഞ്ചാത്ത് ഫണ്ടിൽ നിന്നും 2019-20 വർഷം കൺവീനർ പ്രവൃത്തിൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പതിരിച്ചടയ്ക്കാൻ അവശേഷിക്കുന്നില്ല

4-6 സ്ഥിരനിക്ഷേപങ്ങൾ

2020-21 വർഷത്തെ ധനകാര്യ പത്രിക 31/03/2021 ബാലൻസ് ഷീറ്റ് പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങൾ ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

2020-21 വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല. ബ്ലോക്ക് പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഒടുക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വിലാസം, വരവ് ഇനം, രസീത് നം. ,തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തെയും കണക്കുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിശദാംശം താഴെ ചേർക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2007-08	3-7	2010-11	2-14	കേരള വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചത്	അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്
2012-13, 2013-14		2014-15	4.1.5	എസ് സി വനിതാ പരിശീലന കേന്ദ്രം – നിഷ്ക്രിയ ആസ്തി	

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ തീർപ്പാക്കാനുള്ള ഖണ്ഡികകൾ താഴെ ചേർക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	തുക	വിഷയം	ഉത്തരവാദിയായ ഉദ്യോഗസ്ഥൻ
2018-19	3-1	150,600/-	സ്കൂളുകൾക്ക് ലാപ്ടോപ്പ്,പ്രോജക്ടർ, സ്ക്രീൻ എന്നിവ വാങ്ങൽ. സർക്കാർ ഉത്തരവ് പാലിച്ചില്ല.	ശ്രീമതി ചന്ദ്രിക ബി., (സെക്രട്ടറി) കാരയക്കാട്ട് സഹസ്രാരം, മാടപ്പള്ളി പി.ഓ., ചങ്ങനാശ്ശേരി

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	19697897
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	17105569

വരവിനങ്ങളിലുള്ള നഷ്ടം	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	23069
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	7381166

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നം.	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ്ജ് ചെയ്യാവുന്നവ	സർചാർജ്ജ് ചെയ്യാവുന്നവ	
3-1		4640	ശ്രീമതി.കെ.കെ.ഓമന, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, വാകത്താനം
3-2		18429	,,
ആകെ		23069	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-14	112000	ഷാജി.എം.ഇ, സെക്രട്ടറി
1-15	74554	ഷാജി.എം.ഇ, സെക്രട്ടറി
1-16	337277	ബൈജു.റ്റി.പോൾ, സെക്രട്ടറി
1-18	3106193 (ക്രമ നം.1, 2, 3, 5, 7, 8,)	ഷാജി.എ.ഇ, സെക്രട്ടറി
1-18	592808(ക്രമ നം.4,6)	ബൈജു.റ്റി.പോൾ, സെക്രട്ടറി
1-22	1063935	ശ്രീ. ജിതിൻ ബോസ് കെ.ജെ. അസിസ്റ്റന്റ് എഞ്ചിനീയർ
1-29	95550	ശ്രീമതി. മീന ചാക്കോ, അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ
1-32	1998849	കെ.കെ.ഉഷാഭായി, ഡയറിഎക്സ്റ്റൻഷൻഓഫീസർ
ആകെ	7381166	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേര്, ഉദ്യോഗപ്പേര്	ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക വിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി.കെ.കെ.ഓമന	മെഡിക്കൽ ഓഫീസർ(സി.എച്ച്.സി), വാകത്താനം	കല്ലുംകുന്നേൽ, ശാന്തൻപാറ.പി.ഒ, ഇടുക്കി-685619

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 30/04/2022 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1997-98	നം.എൽ.എഫ്.കെ.പി.15/അദാ/816(13)/18/ 8.5.18	4
1999-00	നം.എൽ.എഫ്.കെ.പി.15/അദാ/816(5)/18/ 8.5.18	9
2001-02	നം.എൽ.എഫ്.കെ.പി.15/അദാ/816(4)/18/ 8.5.18	3
2002-03	നം.എൽ.എഫ്.കെ.പി.3/770/13/30.10.13/ 5.11.13	4
2003-04	നം.എൽ.എഫ്.കെ.പി.15/അദാ/816(5)/18/ 8.5.18	3
2004-05	നം.എൽ.എഫ്.കെ.പി.15/അദാ/816(6)/18/ 8.5.18	2
2006-07	നം.എൽ.എഫ്.കെ.പി.15/അദാ/816(8)/18/ 8.5.18	11
2007-08	നം.എൽ.എഫ്.കെ.പി.3/770/13/31.1.14	4
2008-09	നം.എൽ.എഫ്.കെ.പി.15/അദാ/816(9)/18/ 8.5.18	2
2009-10	നം.എൽ.എഫ്.കെ.പി.15/അദാ/816(5)/18/ 8.5.18	5
2010-11	നം.എൽ.എഫ്.കെ.പി.15/അദാ/ 816(11)/18/ 8.5.18	12
2011-12	നം.എൽ.എഫ്.കെ.പി.15/അദാ/ 816(12)/18/ 8.5.18	2
2012-13	നം.എൽ.എഫ്.കെ.പി.15/അദാ/816(13)/18/ 8.5.18	4

2013-14	നം.എൽ.എഫ്.കെ.പി.15/അദാ/816(14)/18/ 8.5.18	5
2014-15	നം.എൽ.എഫ്.കെ.പി.15/അദാ/816/18/ 8.5.18	1
2015-16	നം.എൽ.എഫ്.കെ.പി.15/അദാ/ 816(16)/18/ 8.5.18	3
2016-17	നം.കെ.എസ്.കെ.ടി.എം.പി.15/380/18/ 4.4.18	11
2017-18	നം.കെ.എസ്.കെ.ടി.എം.പി.15/1866/18/ 29.10.18	10
2018-19	നം.കെ.എസ്.കെ.ടി.എം.പി.15/1781/19/ 01.10.2020	18

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

അനുബന്ധം-1

ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്